മാക്കാഷ് PPI വാലറ്റ് ഉപയോഗിക്കുന്നതിന് ഉപഭോക്താക്കൾക്കുള്ള നിബന്ധനകളും വ്യവസ്ഥകളും - മണപ്പുറം ഫിനാൻസ് ലിമിറ്റഡ്

രജിസ്റ്റർ ചെയ്യുകയോ ആക്സസ് ചെയ്യുകയോ ബ്രൗസ് ചെയ്യുകയോ ഡൗൺലോഡ് ചെയ്യുകയോ സൈറ്റ് ഉപയോഗിക്കുകയോ ചെയ്യുന്നതിനു മുമ്പ് ഇനിപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും ശ്രദ്ധാപൂർവ്വം വായിക്കുക (താഴെ നിർവചിച്ചിരിക്കുന്നു).

വിവരസാങ്കേതികവിദ്യ നിയമം, 2000-ന്റെയും അതു പ്രകാരം നിലവിലുള്ള ചട്ടങ്ങളുടെയും 2000-ത്തിലെ ഭേദഗതി വരുത്തിയ വിവിധ ചട്ടങ്ങളിലെ ഇലക്ട്രോണിക് രേഖകളുമായി ബന്ധപ്പെട്ട വ്യവസ്ഥകളുടെയും അടിസ്ഥാനത്തിലുള്ള ഒരു ഇലക്ട്രോണിക് റെക്കോർഡാണ് ഈ ഡോക്യുമെന്റ്. സൈറ്റ് ആക്സസ് ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുന്നതിലൂടെ അല്ലെങ്കിൽ സേവനം (താഴെ നിർവചിച്ചിരിക്കുന്നു) ഉപയോഗിക്കുന്നതിലൂടെ, ഭാവിയിലെ ഏതെങ്കിലും അധിക മാർഗ്ഗനിർദ്ദേശങ്ങളും പരിഷ്ക്കരണങ്ങളും ഉൾപ്പെടെ താഴെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിക്കാൻ നിങ്ങൾ ബാധ്യസ്ഥനാണെന്ന് നിങ്ങൾ സമ്മതിക്കുന്നു. https://www.manappuram.com/makash -ലെ MAFIL PPI വാലറ്റ് വെബ്സൈറ്റിൽ ലഭ്യമായ അക്കൗണ്ട് തുറക്കാനുള്ള നിബന്ധനകളും വ്യവസ്ഥകളും അക്കൗണ്ടിന് ബാധകമായ പൊതുവായ നിബന്ധനകളും നിങ്ങൾ വായിച്ചു മനസ്സിലാക്കിയിട്ടുണ്ടെന്നും അവ പാലിക്കാൻ ബാധ്യസ്ഥനാണെന്നും നിങ്ങൾ ഇതിനാൽ സ്ഥിരീകരിക്കുന്നു. ഒരു അക്കൗണ്ട് തുറന്നുകഴിഞ്ഞാൽ, ഉപഭോക്താവ് തിരഞ്ഞെടുക്കുന്ന ഉൽപ്പന്നത്തിന് അനുസരിച്ച് താഴെ പറഞ്ഞിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും കൂടെ ബാധകമാകും. ഏതെങ്കിലും സമയത്ത് ഈ നിബന്ധനകളും വ്യവസ്ഥകളും നിങ്ങൾ അംഗീകരിക്കുന്നില്ലെങ്കിൽ അല്ലെങ്കിൽ താഴെപ്പറയുന്ന നിബന്ധനകളും വ്യവസ്ഥകളും പാലിക്കാൻ ആഗ്രഹിക്കുന്നില്ലെങ്കിൽ, നിങ്ങൾക്ക് സൈറ്റ് ആക്സസ് ചെയ്യുകയോ ഉപയോഗിക്കുകയോ ചെയ്യുന്നത് നിർത്താനും സേവനങ്ങളുടെ ഉപയോഗം ഉടനടി അവസാനിപ്പിക്കാനുമാകും.

1. നിർവ്വചനങ്ങൾ

a) "ഉപഭോക്താവ്" "അല്ലെങ്കിൽ" "നിങ്ങൾ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മാക്കാഷ് വാലറ്റ് ലഭിക്കാനായി MAFIL-ൽ രജിസ്റ്റർ ചെയ്തിട്ടുള്ളതും ഈ നിബന്ധനകളും വ്യവസ്ഥകളും അംഗീകരിച്ചിട്ടുള്ളതും മാക്കാഷ് വാലറ്റിനെ പിന്തുണയ്ക്കുന്ന ഇന്റർനെറ്റ് ഉപയോഗിക്കാവുന്ന ഒരു ഉപകരണം സ്വന്തമായിട്ടുള്ളതും / പ്രവർത്തിപ്പിക്കുന്നതും / അതിലേക്ക് ആക്സസ് ഉള്ളതുമായ ഒരു വ്യക്തിയെയാണ്. .

b) "ഞങ്ങൾ, ഞങ്ങളുടെ" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് മണപ്പുറം ഫിനാൻസ് ലിമിറ്റഡിനെയാണ്.

c) "MAFIL" എന്നാൽ മണപ്പുറം ഫിനാൻസ് ലിമിറ്റഡ് എന്നാണ് അർത്ഥം, ഒരു നോൺ-ബാങ്കിംഗ് ഫിനാൻഷ്യൽ കമ്പനിയ ഇത് കാലാകാലങ്ങളിൽ ഭേദഗതി ചെയ്തിട്ടുള്ള കമ്പനി ആക്ട്, 1956 ലെ വ്യവസ്ഥകൾ പ്രകാരം ഇൻകോർപ്പറേറ്റ് ചെയ്തിരിക്കുന്നു, അതിന്റെ കോർപ്പറേറ്റ് ഓഫീസ് മണപ്പുറം ഫിനാൻസ് ലിമിറ്റഡ്, W - 4/ 638 A മണപ്പുറം ഹൗസ്, P.O.. വലപ്പാട്, തൃശൂർ, കേരളം, ഇന്ത്യ - 680 567 ലാണ്.

d) "മാക്കാഷ് വാലറ്റ്" എന്നാൽ MAFIL നൽകുന്ന പ്രീ-പെയ്ഡ് പേയ്മെന്റ് ഉപകരണം എന്നാണ് അർത്ഥം.

e) "ചാർജ്(കൾ)" അല്ലെങ്കിൽ "സർവീസ് ചാർജ്" എന്നത് മാക്കാഷ് വാലറ്റിൽ സബ്സ്ക്രൈബ് ചെയ്യാനായി MAFIL നിങ്ങളിൽ നിന്ന് ഈടാക്കിയേക്കാവുന്ന ചാർജുകളെയാണ് അർത്ഥമാക്കുന്നത്.

f) "പേഴ്സൺ-ടു-പേഴ്സൺ ട്രാൻസ്ഫർ" എന്നത് ഒരു മാക്കാഷ് വാലറ്റിൽ നിന്ന് MAFIL നൽകുന്ന മറ്റേതെങ്കിലും മാക്കാഷ് വാലറ്റിലേക്കോ ഏതെങ്കിലും സേവിംഗ്സ് അക്കൗണ്ടിലേക്കോ കറന്റ് ബാങ്ക് അക്കൗണ്ടിലേക്കോ ഫണ്ട് ട്രാൻസ്ഫർ ചെയ്യാനുള്ള സൗകര്യത്തെയാണ് സൂചിപ്പിക്കുന്നത്.

g) "മർച്ചന്റ് എസ്റ്റാബ്ലിഷ്മെന്റ്" എന്നത് ഫിസിക്കൽ വ്യാപാരികൾ, റിമോട്ട് വ്യാപാരികൾ, മാക്കാഷ് വാലറ്റ് ഉപയോഗിച്ച് പേയ്മെന്റ് സ്വീകരിക്കാൻ MAFIL അധികാരപ്പെടുത്തിയിട്ടുള്ള മറ്റേതെങ്കിലും ഔട്ട്ലെറ്റുകൾ എന്നിവയെ അർത്ഥമാക്കുന്നു.

h) "KYC" എന്നാൽ നിങ്ങളുടെ ഉപഭോക്താവിനെ അറിയുക എന്നാണ് അർത്ഥം, RBI പുറപ്പെടുവിച്ച വിവിധ നിർദ്ദേശങ്ങൾ, PMLA നിയമം (പണം വെളുപ്പിക്കൽ തടയൽ നിയമം, 2002), അതിൻ പ്രകാരം രൂപപ്പെടുത്തിയതും കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയും അനുബന്ധമായി നൽകുകയും ചെയ്യുന്നതുമായ ചട്ടങ്ങൾ എന്നിവയെയും അത് സൂചിപ്പിക്കുന്നു, അതനുസരിച്ച് ഏതെങ്കിലും സേവനങ്ങൾ നൽകുന്നതിന് മുമ്പ് MAFIL ഉപഭോക്താവിൽ നിന്ന് വ്യക്തിഗത തിരിച്ചറിയൽ വിവരങ്ങൾ ശേഖരിക്കേണ്ടതാണ്. ഇനിപ്പറയുന്ന സമയത്ത് MAFIL-ന് ഉപഭോക്താവിൽ നിന്ന് 'നിങ്ങളുടെ ഉപഭോക്താവിനെ അറിയുക' (KYC) രേഖകൾ വേണ്ടിവന്നേക്കാം:

   a. മാക്കാഷ് വാലറ്റ് ലഭിക്കുന്നതിനും കൂടാതെ/അല്ലെങ്കിൽ അത് തുടരുന്നതിനും രജിസ്ട്രേഷൻ സമയത്ത് കൂടാതെ/അല്ലെങ്കിൽ പിന്നീടുള്ള ഒരു തീയതിയിൽ.
   "ഔദ്യോഗികമായി സാധുവായ രേഖ" (OVD) എന്നത് പാസ്പോർട്ട്, ഡ്രൈവിംഗ് ലൈസൻസ്, ആധാർ നമ്പർ കൈവശമുള്ളതിന്റെ തെളിവ്, ഇന്ത്യൻ തിരഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ തിരിച്ചറിയൽ കാർഡ്, സംസ്ഥാന സർക്കാരിന്റെ ഒരു ഉദ്യോഗസ്ഥൻ ഒപ്പിട്ട NREGA നൽകിയ ജോബ് കാർഡ്, പേരും വിലാസവും മറ്റ് വിശദാംശങ്ങളും ഉൾക്കൊള്ളുന്ന ദേശീയ ജനസംഖ്യാ രജിസ്റ്റർ നൽകിയ കത്ത് എന്നിവയെ അർത്ഥമാക്കുന്നു.

i) "പാസ്‌വേഡ്" മാക്കാഷ് വാലറ്റ് ആപ്ലിക്കേഷനുകൾ സുരക്ഷിതമാക്കാൻ ഉപയോഗിക്കുന്ന രഹസ്യ പാസ്‌വേഡിനെ അർത്ഥമാക്കുന്നു, അത് അറിയില്ലെങ്കിൽ നിങ്ങളുടെ മാക്കാഷ് വാലറ്റ് പ്രവർത്തിപ്പിക്കാനാവില്ല.

j) "ഇടപാട്" എന്നാൽ വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്ക് കൈമാറുകയോ വ്യാപാര സ്ഥാപനങ്ങളിൽ നിന്ന് സാധനങ്ങളോ സേവനങ്ങളോ വാങ്ങുകയോ ചെയ്യുക അല്ലെങ്കിൽ സാധനങ്ങളോ സേവനങ്ങളോ ലഭ്യമല്ലെങ്കിൽ മാക്കാഷ് വാലറ്റിൽ തത്തുല്യമായ തുക കൈമാറുക എന്നാണ് അർത്ഥം.

k) "വ്യക്തിയിൽ നിന്ന് ബാങ്കിലേക്കുള്ള കൈമാറ്റം" എന്നത് ഒരു മാക്കാഷ് വാലറ്റിൽ നിന്ന് ഏതെങ്കിലും ബാങ്ക് അക്കൗണ്ടിലേക്ക് ഫണ്ട് ട്രാൻസ്ഫർ ചെയ്യാനുള്ള സൗകര്യത്തെയാണ് സൂചിപ്പിക്കുന്നത്.

l) “RBI” എന്നാൽ റിസർവ് ബാങ്ക് ഓഫ് ഇന്ത്യ എന്നാണ് അർത്ഥം.

m) "മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഗുണഭോക്താവ്" എന്നതുകൊണ്ട് അർത്ഥമാക്കുന്നത് PPI ഇഷ്യൂവർ അവരുടെ ബാങ്ക് അക്കൗണ്ട് വിശദാംശങ്ങൾ, അതേ ഇഷ്യൂവർ (അല്ലെങ്കിൽ അനുവദനീയമായിരിക്കുന്നിടത്ത് മറ്റൊരു ഇഷ്യൂവർ) നൽകുന്ന PPI കളുടെ വിശദാംശങ്ങൾ, മുതലായവ നൽകി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളെയാണ്.

2. വ്യാഖ്യാനങ്ങൾ:

a. നിയമപരമായ വ്യവസ്ഥകളെ കുറിച്ചുള്ള പരാമർശങ്ങൾ നിലവിൽ പ്രാബല്യത്തിലുള്ള അവയിലെ ഏതെങ്കിലും ഭേദഗതിയെയോ പുനർനിർമ്മാണത്തെയോ കൂടെ അർത്ഥമാക്കുകയും ഉൾപ്പെടുത്തുകയും ചെയ്യും, കൂടാതെ അത്തരം നിയമപരമായ വ്യവസ്ഥകൾക്ക് അനുസൃതമായി നിർമ്മിച്ച എല്ലാ നിയമപരമായ ഉപകരണങ്ങളും ഉത്തരവുക അതിൽ ഉൾപ്പെടുന്നു.

ഈ ഉപയോക്തൃ നിബന്ധനകളിലെ വിവിധ വകുപ്പുകളുടെ തലക്കെട്ടുകൾ പെട്ടെന്നുള്ള റഫറൻസിനും തിരിച്ചറിയലിനും മാത്രമുള്ളതാണ്, അതിനു കീഴിലുള്ള വകുപ്പുകളുടെ ഉള്ളടക്ക പ്രസ്താവനയായി അവയെ കണക്കാക്കാവുന്നതല്ല. ഈ ഉപയോക്തൃ നിബന്ധനകളിലുള്ള വിവിധ നിബന്ധനകളിലെ വ്യവസ്ഥകളെയും വ്യാഖ്യാനങ്ങളെയും പരിമിതപ്പെടുത്താനോ മറ്റുവിധത്തിൽ മാറ്റാനോ അവയ്ക്കാകില്ല.

b. ഏകവചനത്തിൽ ബഹുവചനവും തിരിച്ചും ഉൾപ്പെടുന്നു, ഒരു ലിംഗഭേദത്തെ സൂചിപ്പിക്കുന്ന പദങ്ങളിൽ മറ്റ് ലിംഗഭേദങ്ങളും ഉൾപ്പെടുന്നു.

c. "ഉൾപ്പെടുന്നു" അല്ലെങ്കിൽ "ഉൾപ്പെടുത്തുന്നു" എന്ന പദം പരിമിതിയുള്ളതല്ലാതെ കണക്കാക്കപ്പെടും.

d. ഈ ഉപയോക്തൃ നിബന്ധനകളെയോ മറ്റേതെങ്കിലും കരാറിനെയോ ആധാരത്തെയോ മറ്റ് ഉപകരണത്തെയോ പ്രമാണത്തെയോ കുറിച്ചുള്ള പരാമർശങ്ങൾ, ബാധകമായിരിക്കുന്ന പ്രകാരം, കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയോ, വ്യത്യാസപ്പെടുത്തുകയോ, അനുബന്ധമായി നൽകുകയോ ചെയ്തേക്കാവുന്ന അത്തരം കരാറിനെയോ ആധാരത്തെയോ മറ്റ് ഉപകരണത്തെയോ പ്രമാണത്തെയോ കുറിച്ചുള്ള ഒരു പരാമർശമായി കണക്കാക്കും.

e. ഒരു സ്വാഭാവിക വ്യക്തിയെ കുറിച്ചുള്ള ഏതൊരു പരാമർശത്തിലും, സന്ദർഭത്തിന് വിരുദ്ധമല്ലാത്ത പക്ഷം, അയാളുടെ അവകാശികൾ, നടത്തിപ്പുകാർ, അനുവദിച്ചിട്ടുള്ള നിയുക്തരായവർ എന്നിവർ ഉൾപ്പെടും. അതുപോലെ, MAFIL പോലുള്ള ഒരു ജ്യൂറിസ്റ്റിക് വ്യക്തിയെ കുറിച്ചുള്ള ഏതൊരു പരാമർശത്തിലും, സന്ദർഭത്തിന് വിരുദ്ധമല്ലാത്ത പക്ഷം, അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ, പിൻഗാമികൾ, അനുവദിച്ചിട്ടുള്ള നിയുക്തരായവർ എന്നിവർ ഉൾപ്പെടും.

f. ഈ ഉപയോക്തൃ നിബന്ധനകളിൽ ഉടനീളം, "ഞങ്ങളുടെ മുൻകൂർ രേഖാമൂലമുള്ള സമ്മതം" എന്നാൽ MAFIL ന്റെ അംഗീകൃത പ്രതിനിധിയിൽ നിന്ന് വരുന്ന ഒരു ആശയവിനിമയമാണ്, പ്രത്യേകിച്ച് നിങ്ങളുടെ അഭ്യർത്ഥനയ്ക്കുള്ള പ്രതികരണം എന്ന നിലയിൽ, പ്രത്യേകിച്ച് നിങ്ങൾ അനുമതി തേടുന്ന പ്രവർത്തനത്തെയോ പെരുമാറ്റത്തെയോ അഭിസംബോധന ചെയ്യുന്നത്.

3. സേവനങ്ങൾ ഉപയോഗിക്കുന്നതിനുള്ള യോഗ്യതയും രജിസ്ട്രേഷനും

a. മാക്കാഷ് വാലറ്റ് ഉപയോഗിക്കാൻ നിങ്ങൾക്ക് 18 വയസ്സ് ഉണ്ടായിരിക്കണം. നിങ്ങൾ ആ കമ്പനിയെയോ സ്ഥാപനത്തെയോ ഈ നിബന്ധനകൾക്ക് വിധേയമാക്കാൻ അധികാരമുള്ള ഒരു അംഗീകൃത പ്രതിനിധിയായിരിക്കണം. ഞങ്ങളുടെ രജിസ്ട്രേഷൻ ഫോമിൽ ആവശ്യപ്പെടുന്ന പ്രകാരം നിങ്ങളെയോ നിങ്ങളുടെ കമ്പനിയെയോ കുറിച്ച് കൃത്യവും നിലവിലുള്ളതും പൂർണ്ണവുമായ വിവരങ്ങൾ (നിങ്ങളുടെ ഇമെയിൽ വിലാസം ഉൾപ്പെടെ) നൽകാമെന്നും നിങ്ങളുടെ വിവരങ്ങൾ കൃത്യവും നിലവിലുള്ളതും പൂർണ്ണവുമായി നിലനിർത്താനായി (നിങ്ങളുടെ ഇമെയിൽ വിലാസം ഉൾപ്പെടെ) പരിപാലിക്കുകയും അപ്ഡേറ്റ് ചെയ്യുകയും ചെയ്യുമെന്നും നിങ്ങൾ സമ്മതിക്കുന്നു . നിങ്ങൾ നൽകുന്ന ഏതെങ്കിലും വിവരങ്ങൾ വ്യാജമോ സാങ്കൽപ്പികമോ കൃത്യമല്ലാത്തതോ കാലികമല്ലാത്തതോ അപൂർണ്ണമോ ആണെങ്കിൽ, നിങ്ങൾക്ക് അറിയിപ്പ് നൽകിയോ അല്ലാതെയോ, ഏത് അക്കൗണ്ടും നിങ്ങൾ സൈറ്റ് അല്ലെങ്കിൽ പ്ലാറ്റ്ഫോമം/നെറ്റ്വർക്ക് ഉപയോഗിക്കുന്നതും നിർത്തലാക്കാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്.

b. വാലറ്റ് സൃഷ്ടിക്കാൻ നിങ്ങൾ ഞങ്ങളുടെ ബ്രാഞ്ച് സന്ദർശിക്കണം, അതിനുശേഷം മാക്കാഷ് ആപ്പ് ഉപയോഗിക്കാം. ഒരു വാലറ്റ് തുറക്കാൻ നിങ്ങൾ OVD യും PAN ഉം

കൊണ്ടുവരണം. ശരിയായ പരിശോധനയ്ക്കും സാധൂകരണത്തിനും ശേഷം ഓൺബോർഡ് ചെയ്യുന്ന മൊഡ്യൂളിലേക്ക് ബ്രാഞ്ച് ഇത് അപ്‌ലോഡ് ചെയ്യും. ഏത് മൊബൈൽ ഉപയോഗിച്ചാണോ വാലറ്റ് സൃഷ്ടിക്കുന്നത് ആ നമ്പറായിരിക്കും ഉപയോക്തൃ ID, നിങ്ങൾക്ക് പാസ്‌വേഡ് സജ്ജമാക്കാവുന്നതാണ്. പാസ്‌വേഡ് നിങ്ങൾ രഹസ്യമായി സൂക്ഷിക്കണം, അത് മറ്റാരുമായും പങ്കിടരുത്. നിങ്ങൾ അധികാരപ്പെടുത്തിയതാണെങ്കിലും അല്ലെങ്കിലും നിങ്ങളുടെ അക്കൗണ്ടിലെ എല്ലാ പ്രവർത്തനങ്ങൾക്കും നിങ്ങൾ ഉത്തരവാദിയാണ്. എന്നാൽ, നിങ്ങളുടെ അക്കൗണ്ടിന്റെയോ ഉപയോക്തൃ IDയുടെയും പാസ്‌വേഡിന്റെയുമോ അനധികൃത ഉപയോഗം നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടാൽ, "പാസ്‌വേഡ് മറന്നു" എന്നതിലൂടെ ഉപയോക്താവിന് പാസ്‌വേഡ് പുനഃസജ്ജമാക്കാം അല്ലെങ്കിൽ ഉടനടി ഞങ്ങളെ ബന്ധപ്പെടാം.

4. ഡോക്യുമെന്റേഷൻ

a. കൃത്യതയുള്ളതും പുതുക്കിയതുമായ ഉപഭോക്തൃ വിവരങ്ങളുടെ ശേഖരണം, പരിശോധന, ഓഡിറ്റ്, പരിപാലനം എന്നിവ തുടർച്ചയായ ഒരു പ്രക്രിയയാണ്, കൂടാതെ എപ്പോൾ വേണമെങ്കിലും പ്രസക്തവും ബാധകവുമായ എല്ലാ KYC നിബന്ധനകളും പാലിക്കുന്നുണ്ടെന്ന് ഉറപ്പാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാനും MAFIL-ന് അവകാശമുണ്ട്. നിങ്ങൾ നിൽകിയ വിവരങ്ങളിലും കൂടാതെ/അല്ലെങ്കിൽ രേഖകളിലും എന്തെങ്കിലും പൊരുത്തക്കേടുകൾ ഉണ്ടെങ്കിൽ, മാക്കാഷ് വാലറ്റിനുള്ള സേവനങ്ങൾ നിർത്തലാക്കാനോ അപേക്ഷകൾ നിരസിക്കാനോ ഉള്ള അവകാശം MAFIL-ൽ നിക്ഷിപ്തമാണ്.

b. മാക്കാഷ് വാലറ്റ് നേടുക എന്ന ഉദ്ദേശ്യത്തോടെ MAFIL-ന് നൽകുന്ന ഏതൊരു വിവരവും MAFIL-ന്റെ കൈവശത്തിലായിരിക്കും, കൂടാതെ MAFIL-ന്, അതിന്റെ വിവേചന പ്രകാരം, ബാധകമായ ഏതു നിയമത്തിനും ചട്ടത്തിനും ചേർച്ചയിലുള്ള ഏത് ഉദ്ദേശ്യത്തിനായും ഉപയോഗിക്കാനാകും.

c. തുറക്കുന്നതിനായി നിങ്ങൾ നൽകിയ KYC രേഖകളിലെ വിശദാംശങ്ങൾ എൻറോൾമെന്റ് ഫോമിൽ സൂചിപ്പിച്ചിരിക്കുന്ന വിശദാംശങ്ങളുമായി പൊരുത്തപ്പെടുന്നില്ലെങ്കിൽ, ഉപഭോക്താവിന്റെ KYC നിബന്ധനകൾ നിറവേറ്റിയ ശേഷം ഉപഭോക്താവിന് സ്വന്തം ബാങ്ക് അക്കൗണ്ടിലേക്ക് (MAFIL യഥാവിധി പരിശോധിച്ചുറപ്പാക്കിയത്) ഫണ്ട് ട്രാൻസ്ഫർ ചെയ്യാവുന്നതാണ്, അല്ലെങ്കിൽ ഫണ്ട് 'ഉറവിടത്തിലേക്ക് തിരികെ' (PPI ലോഡ് ചെയ്ത പേയ്മെന്റ് ഉറവിടം) ട്രാൻസ്ഫർ ചെയ്യാം, അതല്ലെങ്കിൽ 30 ദിവസത്തിനുള്ളിൽ പണം ഉപയോഗിക്കാം. നിർദ്ദിഷ്ട KYC രേഖകൾ സമർപ്പിക്കുന്നതു വരെ വാലറ്റ് വീണ്ടും ലോഡ് ചെയ്യാൻ അനുവദിക്കില്ല.

5. മാക്കാഷ് വാലറ്റ് ഉപയോഗിക്കുന്നതിനുള്ള പൊതുവായ നിബന്ധനകൾ

- 18 വയസ്സ് തികഞ്ഞ, നിലവിലുള്ള നിർദ്ദേശങ്ങൾക്ക് അനുസൃതമായി ഒരു കരാറിൽ ഏർപ്പെടാൻ യോഗ്യതയുള്ള, താമസക്കാർക്ക് മാത്രമേ മാക്കാഷ് വാലറ്റ് ലഭ്യമാകൂ.
- മാക്കാഷ് വാലറ്റ് കൈമാറ്റം ചെയ്യാവുന്നതല്ല.
- മാക്കാഷ് വാലറ്റിന്റെ പ്രധാന നിബന്ധനകൾ/സവിശേഷതകൾ :

MAFIL നേരത്തെ ചെറുകിട/പരിമിത KYC വാലറ്റുകൾ നൽകിയിരുന്നു. 2023 ജൂൺ 23 മുതൽ ഈ വാലറ്റുകളുടെ വിതരണം നിർത്തലാക്കി. നിലവിൽ ഞങ്ങൾ പൂർണ്ണ KYC PPI-കൾ മാത്രമേ നൽകുന്നുള്ളൂ. PPI ഉടമയുടെ KYC പൂർത്തിയാക്കിയ ശേഷം ഈ PPI-കൾ നൽകാൻ ഞങ്ങൾക്ക് അനുവാദമുണ്ടായിരിക്കും.

a) രജിസ്ട്രേഷൻ സമയത്ത് തന്നെ നിങ്ങളുടെ KYC രേഖകൾ സമർപ്പിക്കുകയും MAFIL അവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്ത ശേഷം നിങ്ങൾക്ക് വാലറ്റ് അക്കൗണ്ട് നൽകും. അനുബന്ധ രേഖകൾ പരിശോധിച്ചുറപ്പാക്കിയ ശേഷം മാക്കാഷ് വാലറ്റ് അക്കൗണ്ട് സേവനങ്ങൾ സാധാരണയായി തൽക്ഷണം സജീവമാകും. മേൽപ്രസ്താവിച്ച സേവനങ്ങളുമായി ബന്ധപ്പെട്ട വിശദമായ സവിശേഷതകൾ, രജിസ്ട്രേഷൻ പ്രക്രിയ, ഡോക്യുമെന്റേഷൻ പ്രക്രിയകൾ, KYC നിബന്ധനകൾ, അനുവദനീയമായ ഇടപാടുകൾ, സേവനം നിർത്തലാക്കൽ നടപടിക്രമം, മറ്റ് അനുബന്ധ വിശദാംശങ്ങൾ എന്നിവയ്ക്ക് ദയവായി ഈ വെബ്സൈറ്റ് സന്ദർശിക്കുക: https://www.manappuram.com/makash

b) താഴെ പറഞ്ഞിരിക്കുന്ന ഏതെങ്കിലും രീതിയിലൂടെ നിങ്ങളുടെ മാക്കാഷ് വാലറ്റ് നിങ്ങൾക്ക് ലോഡ് ചെയ്യാവുന്നതാണ്.

   1. ബ്രാഞ്ച് വഴിയുള്ള ക്യാഷ്
   2. ഡെബിറ്റ് / ഇന്റർനെറ്റ് ബാങ്കിംഗ് വഴിയുള്ള സ്വയം പണമടയ്ക്കൽ, സൈറ്റ് വിലാസം https://www.manappuram.com/makash

മാക്കാഷ് വാലറ്റ് റീചാർജ് ചെയ്യാനുള്ള റീചാർജ് ഔട്ട്ലെറ്റുകളുടെ ലിസ്റ്റും അതിനുള്ള രീതികളും MAFIL-ന്റെ വിവേചന പ്രകാരം, ഉപഭോക്താവിനെ മുൻകൂട്ടി അറിയിക്കാതെ തന്നെ മാറ്റത്തിന് വിധേയമാണ്.

c) ചാർജുകൾ, ഇടപാട് പരിധികൾ, മറ്റ് വിശദാംശങ്ങൾ

വിശദാംശങ്ങൾ	സവിശേഷതകൾ
നൽകുന്ന വാലറ്റുകളുടെ തരം	പൂർണ്ണ KYC വാലറ്റുകൾ
ഒരു വാലറ്റ് തുറക്കാനുള്ള ഡോക്യുമെന്റ്	MAFIL ബ്രാഞ്ച് വഴിയുള്ള KYC പരിശോധിച്ചുറപ്പാക്കലും

	ഹെഡ് ഓഫീസിൽ നിന്നുള്ള അംഗീകാരവും. PAN കാർഡിനൊപ്പം തിരിച്ചറിയൽ, വിലാസ തെളിവായി ഔദ്യോഗികമായി സാധുതയുള്ള രേഖകൾ ആവശ്യമാണ്.
രജിസ്ട്രേഷൻ സമയം	തൽക്ഷണം
രജിസ്ട്രേഷൻ ഫീസ്	ഒന്നുമില്ല
അനുവദനീയമായ സേവനങ്ങൾ	• വ്യാപാരി പേയ്മെന്റുകൾ: മൊബൈൽ ഫോണുകളുടെ റീചാർജും യൂട്ടിലിറ്റി ബില്ലുകളും പോലുള്ള മൂല്യവർധിത സേവനങ്ങൾ വ്യാപാരികളുടെ പേയ്മെന്റുകളിൽ ഉൾപ്പെടുന്നു. • പണം കൈമാറ്റം: വാലറ്റിൽ നിന്ന് വാലറ്റിലേക്കും വാലറ്റിൽ നിന്ന് ബാങ്കിലേക്കുമുള്ള കൈമാറ്റം
വാലറ്റ് ലോഡ് പരിധികൾ	പ്രതിമാസം INR 50,000/- (ചാർജുകൾ ഉൾപ്പെടെ)

പണ കൈമാറ്റ പരിധികൾ	വാലറ്റിൽ നിന്ന് വാലറ്റിലേക്കുള്ള പണ കൈമാറ്റ പരിധി മൊബൈൽ ആപ്പ് വഴി പ്രതിമാസം 50,000/- രൂപയായും ബ്രാഞ്ച് വഴി 50,000/- രൂപയും ഇത് കാലാകാലങ്ങളിലുള്ള MAFIL സുരക്ഷാ നയം അനുസരിച്ച് വ്യത്യാസപ്പെടാം. പ്രതിദിനം ചേർക്കാൻ കഴിയുന്ന ഗുണഭോക്താക്കളുടെ എണ്ണം - 5, പ്രതിമാസം ചേർക്കാൻ കഴിയുന്ന ഗുണഭോക്താക്കളുടെ എണ്ണം - 15, ഒരു വർഷം പരമാവധി 50 ഗുണഭോക്താക്കളെ ചേർക്കാനാകും. മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ കാര്യത്തിൽ, മുൻകൂട്ടി രജിസ്റ്റർ ചെയ്ത അത്തരം ഗുണഭോക്താവിന്റെ പ്രതിമാസ ഫണ്ട് കൈമാറ്റ പരിധി 50,000/- രൂപയിൽ കൂടരുത്.
ഫണ്ട് കൈമാറ്റം	മൊബൈൽ ആപ്പ് വഴി പ്രതിമാസം 50,000/- രൂപയും ബ്രാഞ്ച് വഴി 50,000/- രൂപയും MAFIL സുരക്ഷാ നയം അനുസരിച്ച് കാലാകാലങ്ങളിൽ വ്യത്യാസപ്പെടാം.
ബ്രാഞ്ചിലെ ക്യാഷ് ലോഡിംഗ്	വാലറ്റിന്റെ മൊത്തത്തിലുള്ള പരിധിക്ക് വിധേയമായി പ്രതിമാസം 50,000 രൂപ
പണം കൈമാറ്റത്തിനുള്ള കൂളിംഗ് കാലയളവ്	PPI തുറന്ന ശേഷം അല്ലെങ്കിൽ PPI-ലേക്ക് ഫണ്ട് ലോഡ് / റീലോഡ് ചെയ്ത ശേഷം അല്ലെങ്കിൽ ഒരു ഗുണഭോക്താവിനെ ചേർത്ത ശേഷം ഉള്ള ഫണ്ട് കൈമാറ്റ കൂളിംഗ് കാലയളവ് 30 മിനിറ്റാണ്.

ഇടപാട്/ കൺവീനിയൻസ് ചാർജുകൾ

ബ്രാഞ്ച് വഴിയുള്ള ലോഡിംഗ് ചാർജുകൾ	**സൗജന്യം**

ആപ്പ് വഴിയുള്ള ലോഡിംഗ് ചാർജുകൾ	
ഡെബിറ്റ് കാർഡ്	
ഡെബിറ്റ് കാർഡ് വഴിയുള്ള ലോഡിംഗ് ചാർജുകൾ	1%
പ്രതിമാസ പരമാവധി പരിധി	20,000/- രൂപ
സിംഗിൾ ലോഡ് പരിധി	5,000/- രൂപ
ഇന്റർനെറ്റ് ബാങ്കിംഗ് - ലോഡിംഗ് ചാർജുകൾ	1%

ബ്രാഞ്ച് വഴിയുള്ള ഫണ്ട് കൈമാറ്റ ചാർജുകൾ	
ഇടപാട് സ്ലാബ്	**സേവന ചാർജ്**
1-30,000/-	ഇടപാട് തുകയുടെ 1%
30,001 – 50,000/-	ഇടപാട് തുകയുടെ 0.75%
APP വഴിയുള്ള ഫണ്ട് കൈമാറ്റ ചാർജുകൾ	
ഇടപാട് തുക (രൂ.)	**ചാർജുകൾ (രൂ.)**
100/- രൂപ മുതൽ 1,000/- രൂപ വരെ	20
1001/- രൂപ മുതൽ 2,000/- രൂപ വരെ	30
രൂപ. 2001/- രൂപ മുതൽ 3,000/- രൂപ വരെ	40
3001/- രൂപ മുതൽ 5,000/- രൂപ വരെ	60
മൂല്യവർധിത സേവനങ്ങൾ	സൗജന്യം

<u>ഇടപാടും പരിധികളും മൂല്യങ്ങളും</u>

ക്രമ നമ്പർ	വിശദാംശങ്ങൾ	സംഖ്യകൾ/മൂല്യം രൂപയിൽ
A	**മൊബൈൽ ആപ്ലിക്കേഷൻ വഴി**	
1	ഒരു ദിവസം വാലറ്റിൽ നിന്ന് ബാങ്കിലേക്ക്/വാലറ്റിലേക്ക് എത്ര തവണ കൈമാറ്റം സംഭവിക്കാം	5
2	ഒരു ദിവസം എത്ര തവണ വാലറ്റ് ലോഡിംഗ് സംഭവിക്കാം	10
3	സിംഗിൾ വാലറ്റ് ലോഡ് പരിധി	5000
4	ഒരു ദിവസത്തെ വാലറ്റ് ലോഡ് പരിധി	20000
5	പ്രതിമാസ വാലറ്റ് ലോഡ് പരിധി	50000
6	പ്രതിവർഷ വാലറ്റ് ലോഡ് പരിധി	600000
7	വാലറ്റിൽ നിന്ന് ബാങ്കിലേക്ക് കൈമാറാവുന്ന പരമാവധി തുക (സിംഗിൾ TFR വഴി)	5000
8	ഒരു ദിവസം വാലറ്റിൽ നിന്ന് ബാങ്കിലേക്കും വാലറ്റിലേക്കും കൈമാറാവുന്ന തുക	20000
9	പ്രതിമാസം വാലറ്റിൽ നിന്ന് ബാങ്കിലേക്കും വാലറ്റിലേക്കും കൈമാറാവുന്ന തുക	50000
10	പ്രതിവർഷം വാലറ്റിൽ നിന്ന് ബാങ്കിലേക്കും വാലറ്റിലേക്കും കൈമാറാവുന്ന തുക	600000
B	**ബ്രാഞ്ച് വഴി**	
11	സിംഗിൾ വാലറ്റ് ലോഡ് പരിധി	50000
12	പ്രതിദിന വാലറ്റ് ലോഡിംഗ് തുക	50000
13	പരമാവധി വാലറ്റിൽ നിന്ന് ബാങ്കിലേക്ക് അല്ലെങ്കിൽ വാലറ്റിലേക്ക് കൈമാറാവുന്ന തുക (സിംഗിൾ TFR)	50000
14	പ്രതിമാസം വാലറ്റിൽ നിന്ന് ബാങ്കിലേക്ക് കൈമാറാവുന്ന	50000

	തുക	
15	പ്രതിവർഷം വാലറ്റിൽ നിന്ന് ബാങ്കിലേക്ക് കൈമാറാവുന്ന തുക	600000
16	ഒരു സമയത്ത് അനുവദിക്കുന്ന പരമാവധി കുടിശ്ശിക തുക	200000
17	വാലറ്റിൽ നിന്ന് ബാങ്കിലേക്ക് കൈമാറാവുന്ന ഏറ്റവും കുറഞ്ഞ തുക (ചാർജുകൾ ഒഴികെ)	100

*എല്ലാ തുകയും ബാധകമായ ചാർജുകൾ ഉൾപ്പെടെയാണ്.

മേൽപ്പറഞ്ഞ ചാർജുകൾ താഴെയുള്ള ലിങ്കിലെ വെബ്സൈറ്റിൽ കൊടുത്തിട്ടുണ്ട്:

https://www.manappuram.com/sites/default/files/2024-07/FeeandLimits.pdf

കാലാകാലങ്ങളിലെ റെഗുലേറ്ററി മാനദണ്ഡങ്ങൾ, മാൻഡേറ്റുകൾ, സുരക്ഷാ രീതികൾ എന്നിവ അനുസരിച്ച് ഇവ വ്യത്യാസപ്പെടാം.

d) മാക്കാഷ് വാലറ്റിൽ നിന്ന് ലോഡ് ചെയ്ത പണം വാലറ്റ് ലോഡ് ചെയ്ത് 10 ദിവസത്തിനകം റിവേഴ്സ് ചെയ്യാവുന്നതാണെന്നുള്ളത് നിങ്ങൾ ശ്രദ്ധിക്കേണ്ടതാണ്. ഓരോ ഇടപാടിനുമുള്ള ക്യാഷ് പിൻവലിക്കൽ പരിധി പരമാവധി 2,000/- രൂപ വരെയാണ്, എല്ലാ ചാനലുകളിലുമായി (ഏജന്റുമാർ, ATM-കൾ, PoS ഉപകരണങ്ങൾ മുതലായവ) ഓരോ PPI-യ്ക്കുമുള്ള മൊത്തത്തിലുള്ള പ്രതിമാസ പരിധി 10,000/- രൂപയുമാണ്. ബാക്കി ഫണ്ടുകൾ ഉണ്ടെങ്കിൽ അവ അക്കൗണ്ട് ട്രാൻസ്ഫർ വഴി മാത്രമേ കൈമാറാനാകൂ.

e) മാക്കാഷ് വാലറ്റിലെ കുടിശ്ശികയുള്ള ഏതൊരു ക്രെഡിറ്റും വ്യാപാര സ്ഥാപനങ്ങളിലെ സത്യസന്ധമായ ഇടപാടുകൾക്കും വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്കുള്ള കൈമാറ്റങ്ങൾക്കും അല്ലെങ്കിൽ വ്യക്തിയിൽ നിന്ന് ബാങ്കിലേക്കുള്ള കൈമാറ്റങ്ങൾക്കും മാത്രമേ ഉപയോഗിക്കാവൂ. മുൻകൂട്ടി രജിസ്റ്റർ ചെയ്ത ഗുണഭോക്തൃ അക്കൗണ്ടുകളിലേക്ക് മാത്രമേ വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്കുള്ള അല്ലെങ്കിൽ വ്യക്തിയിൽ നിന്ന് ബാങ്കിലേക്കുള്ള അത്തരം കൈമാറ്റം അനുവദിക്കൂ എന്നും കൂളിംഗ് കാലയളവ് 30 മിനിറ്റാണെന്നുള്ള കാര്യവും ഉപഭോക്താവ് ശ്രദ്ധിക്കേണ്ടതാണ്.

6. ഉപഭോക്താവിന് ഉചിതമായ അറിയിപ്പ് നൽകിയ ശേഷം, താഴെപ്പറയുന്നവ ഉൾപ്പെടെ, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടാത്ത കാരണങ്ങളാൽ, ഏത് സമയത്തും

നിങ്ങളുടെ മാക്കാഷ് വാലറ്റ് സേവനങ്ങൾ നിർത്തിവയ്ക്കാനോ അവസാനിപ്പിക്കാനോ MAFIL-ന് അവകാശമുണ്ട്.

a. RBI കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന നിയമങ്ങൾ, ചട്ടങ്ങൾ, ഉത്തരവുകൾ, നിർദ്ദേശങ്ങൾ, അറിയിപ്പുകൾ എന്നിവയുടെ ഏതെങ്കിലും സംശയാസ്പദമായ ലംഘനത്തിനോ ഈ ഡോക്യുമെന്റിൽ പരാമർശിച്ചിരിക്കുന്ന നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ലംഘനത്തിനോ.

b. നിങ്ങൾ നൽകിയ ഡോക്യുമെന്റേഷനിലോ എൻറോൾമെന്റ് ഫോമിലോ എന്തെങ്കിലും സംശയാസ്പദമായ പൊരുത്തക്കേടുണ്ടെങ്കിൽ.

c. വഞ്ചന, അട്ടിമറി, മനഃപൂർവമായ നാശം വരുത്തൽ, ദേശീയ സുരക്ഷയ്ക്കുള്ള ഭീഷണി എന്നിവയെ നേരിടാൻ അല്ലെങ്കിൽ മറ്റേതെങ്കിലും മുൻകൂട്ടിക്കാണാനാകാത്ത കാരണങ്ങളെ പ്രതിയും മറ്റും.

d. അത് ഏതെങ്കിലും അടിയന്തിര സ്ഥിതിവിശേഷം മൂലമോ ഏതെങ്കിലും സാങ്കേതിക കാരണങ്ങളാലോ ഉള്ള സാങ്കേതിക തകരാർ, പരിഷ്ക്കരണം, അപ്ഗ്രേഡേഷൻ, വ്യതിയാനം, സ്ഥലംമാറ്റം, അറ്റകുറ്റപ്പണി കൂടാതെ/അല്ലെങ്കിൽ മെയിന്റനൻസ് എന്നിവ മൂലമാണെങ്കിൽ.

e. അത് ഭൂപ്രകൃതിപരവും ഭൂമിശാസ്ത്രപരവുമായ പരിമിതികൾ മൂലമുണ്ടാകുന്ന ഏതെങ്കിലും പ്രക്ഷേപണ വൈകല്യങ്ങൾ മൂലമാണെങ്കിൽ.

f. നിങ്ങളുടെ മാക്കാഷ് വാലറ്റുമായി ബന്ധപ്പെട്ട മൊബൈൽ കണക്ഷൻ പ്രവർത്തനരഹിതമാകുകയോ നിങ്ങളുടെ കൈവശമോ നിയന്ത്രണത്തിലോ അല്ലാതാകുകയോ ചെയ്താൽ.

g. MAFIL അതിന്റെ ന്യായമായ അഭിപ്രായത്തിൽ ആ നിർത്തലാക്കൽ/സസ്പെൻഷൻ ആവശ്യമാണെന്ന് വിശ്വസിക്കുന്നുവെങ്കിൽ.

7. നിങ്ങളുടെ മാക്കാഷ് വാലറ്റിൽ സൂക്ഷിച്ചിരിക്കുന്ന വാല്യു ഖണ്ഡിക (5 c) പ്രകാരം റീഫണ്ട് ചെയ്യുന്നതാണ്, അത് വ്യാപാര സ്ഥാപനങ്ങളിലെ സത്യസന്ധമായ ഇടപാടുകൾക്കും വ്യക്തിയിൽ നിന്ന് വ്യക്തിയിലേക്കുള്ള കൈമാറ്റത്തിനും അല്ലെങ്കിൽ വ്യക്തിയിൽ നിന്ന് ബാങ്കിലേക്കുള്ള കൈമാറ്റത്തിനും മാത്രമേ ഉപയോഗിക്കാൻ കഴിയൂ. മാക്കാഷ് വാലറ്റിൽ ലഭ്യമായ ബാലൻസ് തുകയ്ക്ക് MAFIL പലിശ നൽകേണ്ടതില്ല.

8. ഒരു മാക്കാഷ് വാലറ്റ് മാത്രമേ നിലനിർത്താനും പ്രവർത്തിപ്പിക്കാനും നിങ്ങൾക്ക് അനുവാദമുള്ളൂ. ഈ നിബന്ധനയുമായി പൊരുത്തപ്പെടുന്നില്ലെന്ന് സംശയിക്കുന്ന ഏതൊരു സംഭവവും MAFIL നിങ്ങൾക്ക് നൽകിയിട്ടുള്ള ഏതൊരു/എല്ലാ വാലറ്റുകളും നിർത്തലാക്കാനുള്ള/അവസാനിപ്പിക്കാനുള്ള ന്യായമായ കാരണമായിരിക്കും.

9. വാലറ്റ് ചാർജുകളും സാധുതയും

a. MAFIL നിർദ്ദേശിക്കുന്ന സേവന നിരക്കുകൾ, അത്തരം പേയ്മെന്റിനായി നിർദ്ദേശിച്ചിരിക്കുന്ന ഫോമിലും രീതിയിലും നിങ്ങൾ അടയ്ക്കണം. വെബ്സൈറ്റിലോ ആപ്പിലോ ഉപഭോക്താവിനെ ഉചിതമായി അറിയിച്ച ശേഷം, MAFIL-ന് അതിന്റെ വിവേചന പ്രകാരം സേവന നിരക്കുകൾ മാറ്റാനോ ഭേദഗതി ചെയ്യാനോ വർദ്ധിപ്പിക്കാനോ കുറയ്ക്കാനോ കഴിയും.

b. ഏതെങ്കിലും ഇടപാടിനു വേണ്ടി പേയ്മെന്റുകൾ നടത്താൻ ഉപയോഗിക്കുന്ന നിങ്ങളുടെ മാക്കാഷ് വാലറ്റിലെ ഏതൊരു വാല്യുവും നിങ്ങളുടെ മാക്കാഷ് വാലറ്റിൽ നിന്ന് സ്വയമേവ ഡെബിറ്റ് ചെയ്യും. നിങ്ങളുടെ മാക്കാഷ് വാലറ്റിൽ നിന്ന് പണം ഡെബിറ്റ് ചെയ്യാനും തുടർന്ന് നിങ്ങൾ ഇടപാട് നടത്തിയേക്കാവുന്ന ഏതൊരു വ്യാപാര സ്ഥാപനത്തിലേക്കും ആ പണം നൽകാനും മാത്രമുള്ള ഉത്തരവാദിത്തമാണ് MAFIL-ന് ഉള്ളത്. മാക്കാഷ് വാലറ്റ് ഉപയോഗിച്ച് വാങ്ങുകയോ വാങ്ങാൻ നിർദ്ദേശിക്കപ്പെടുകയോ ചെയ്യുന്ന ഏതെങ്കിലും സാധനങ്ങളോ സേവനങ്ങളോ MAFIL സാക്ഷ്യപ്പെടുത്തുകയോ പ്രോത്സാഹിപ്പിക്കുകയോ അവയ്ക്ക് വാറണ്ടി നൽകുകയോ ചെയ്യുന്നില്ല.

c. നിങ്ങളുടെ MAFIL വാലറ്റിൽ ലോഡ് ചെയ്യുന്ന ഏതു തുകയ്ക്കും അല്ലെങ്കിൽ മാക്കാഷ് വാലറ്റ് ഉപയോഗിച്ച് നിങ്ങൾ ചെലവഴിക്കുന്ന/ഉപയോഗിക്കുന്ന ഏതു തുകയ്ക്കും, പ്രസിദ്ധീകരിച്ചിട്ടുള്ള ഫീസ് ഘടന അനുസരിച്ച് കാലാകാലങ്ങളിൽ ചാർജുകൾ/കമ്മീഷൻ ഈടാക്കാനുള്ള അവകാശം MAFIL-ൽ നിക്ഷിപ്തമാണ്.

d. നിങ്ങളുടെ വാലറ്റിലെ ഏതൊരു ബാലൻസും നിങ്ങളുടെ അഭ്യർത്ഥന പ്രകാരം പ്രോസസ്സ് ചെയ്ത ഇടപാടുകൾക്കായി ഫണ്ട് വീണ്ടെടുക്കുന്നതിലേക്ക് വകയിരുത്താനുള്ള അവകാശം MAFIL-ൽ നിക്ഷിപ്തമാണ്.

10. വാലറ്റ് കാലഹരണപ്പെടലും ബാലൻസ് കണ്ടുകെട്ടലും

a. നിലവിൽ, മാക്കാഷ് വാലറ്റിന് MAFIL ഒരു കാലഹരണപ്പെടൽ കാലയവ് ഏർപ്പെടുത്തിയിട്ടില്ല. 01.04.2024 ന് ശേഷം ഇഷ്യൂ ചെയ്യുന്ന വാലറ്റുകൾക്ക് ഇഷ്യൂ ചെയ്ത തീയതി മുതൽ 5 വർഷത്തെ കാലാവധി ഉണ്ടായിരിക്കും, ഇത് KYC പരിശോധനയ്ക്കും ഉചിതമായ കരുതൽ നടപടികൾക്കും ശേഷം മറ്റൊരു 5 വർഷത്തേക്ക് കൂടി പുതുക്കാവുന്നതാണ്.

b. ബ്രാഞ്ച് സന്ദർശിച്ച് രേഖാമൂലം അഭ്യർത്ഥന നൽകിക്കൊണ്ട് ഉപഭോക്താക്കൾക്ക് Makash വാലറ്റ് ക്ലോസ് ചെയ്യാവുന്നതാണ്. ബാക്കി തുക ഉണ്ടെങ്കിൽ അത് ഉപഭോക്താക്കൾക്ക് സ്വന്തം ബാങ്ക് അക്കൗണ്ട് വഴി തിരികെ നൽകും.

c. ഒരു വർഷം തുടർച്ചയായി സാമ്പത്തിക ഇടപാടുകൾ നടത്താത്ത PPI-കളെ, PPI ഉടമയ്ക്ക്/ഉടമകൾക്ക് നോട്ടീസ് അയച്ച ശേഷം, PPI ഇഷ്യൂവർ നിഷ്ക്രിയമാക്കും. സാധൂകരണത്തിനും ബാധകമായ ഉചിതമായ കരുതൽ നടപടികൾക്കും ശേഷം മാത്രമേ ഇവ വീണ്ടും സജീവമാക്കാൻ കഴിയൂ. ഈ PPI-കൾ RBI-യ്ക്ക് പ്രത്യേകം റിപ്പോർട്ട് ചെയ്യും.

d. കുറഞ്ഞത് 7 ദിവസം മുമ്പ് SMS/മെയിൽ വഴി അറിയിപ്പ് നൽകിക്കൊണ്ട് വാലറ്റുകൾ അടയ്ക്കാൻ MAFIL-ന് അവകാശമുണ്ട്.

e. ഏതെങ്കിലും കാരണത്താൽ സ്കീം നിർത്തലാക്കുകയോ അത് നിർത്തലാക്കാൻ RBI നിർദ്ദേശിക്കുകയോ ചെയ്താൽ, PPI ഉടമകൾക്ക് PPI-ലെ ബാലൻസ് തുക വീണ്ടെടുക്കാൻ അനുവാദമുണ്ട്.

11. ഉപഭോക്തൃ ബാധ്യതകൾ

a. ഒരു അനുബന്ധ ടെലികോം ദാതാവിൽ നിന്നുള്ള സജീവ മൊബൈൽ ഫോൺ അല്ലെങ്കിൽ ഇന്റർനെറ്റ് കണക്ഷൻ നിലനിർത്തുന്നതിന് വിധേയമായാണ് മാക്കാഷ് വാലറ്റിന്റെ ലഭ്യത. മാക്കാഷ് വാലറ്റ് ലഭ്യത, സേവനങ്ങൾ പ്രവർത്തിപ്പിക്കാൻ കഴിയുന്ന മൊബൈൽ ഫോൺ ഹാൻഡ്സെറ്റും മറ്റ് ആപ്ലിക്കേഷനും നിലനിർത്തുന്നതിനു വിധേയമാണ്, കൂടാതെ ഒരു മൊബൈൽ ഹാൻഡ്സെറ്റോ ഇന്റർനെറ്റ് സേവന ദാതാവോ ഏതെങ്കിലും മാക്കാഷ് വാലറ്റ് ചാനലിനെയോ ആപ്ലിക്കേഷനെയോ പിന്തുണയ്ക്കാത്തതു നിമിത്തം സേവനങ്ങൾ ലഭ്യമല്ലാതാകുന്നതിലൂടെ ഉണ്ടാകുന്ന എല്ലാ ബാധ്യതകൾക്കും ഉപഭോക്താവ് മാത്രമാണ് ഉത്തരവാദി.

b. നിങ്ങളുടെ മാക്കാഷ് വാലറ്റിൽ നിന്ന് ഏതെങ്കിലും ഇടപാട് നടത്തുന്നതിന് മുമ്പ് മതിയായ ഫണ്ട് ഉണ്ടെന്ന് നിങ്ങൾ ഉറപ്പാക്കണം.

c. പാസ്‌വേഡിന്റെ രഹസ്യസ്വഭാവം, സുരക്ഷ, സുരക്ഷിതത്വം എന്നിവയ്ക്ക് നിങ്ങൾ മാത്രമാണ് ഉത്തരവാദി. പാസ്‌വേഡിന്റെ ഏക ഉടമ നിങ്ങളായിരിക്കും, പാസ്‌വേഡ് വെളിപ്പെടുത്തുന്നതിലൂടെയും കൂടാതെ/അല്ലെങ്കിൽ മാക്കാഷ് വാലറ്റിന്റെ അനധികൃത ഉപയോഗത്തിലൂടെയും ഉണ്ടാകുന്ന പ്രത്യാഘാതങ്ങൾക്ക് നിങ്ങൾ ഉത്തരവാദിയായിരിക്കും. പാസ്‌വേഡ് നഷ്ടപ്പെടുകയോ തെറ്റായ സ്ഥലത്തു സൂക്ഷിക്കുകയോ ചെയ്താൽ. ആപ്ലിക്കേഷനിൽ 'പാസ്‌വേഡ് മറന്നു' എന്ന ഓപ്ഷൻ വഴി പാസ്‌വേഡ് നിങ്ങൾക്ക് റീസെറ്റ് ചെയ്യാനാകും. ശരിയായ

പ്രാമാണീകരണത്തിനു ശേഷം, പാസ്‌വേഡ് വിജയകരമായി റീസെറ്റ് ചെയ്യാനാകും. നിങ്ങളുടെ മാക്കാഷ് വാലറ്റുമായി ബന്ധപ്പെട്ട മൊബൈൽ ഫോൺ/SIM കാർഡ് നഷ്ടപ്പെടുകയോ/മോഷ്ടിക്കപ്പെടുകയോ/തെറ്റായ സ്ഥലത്ത് വയ്ക്കുകയോ ചെയ്താൽ/മേലാൽ നിങ്ങളുടെ നിയന്ത്രണത്തിലല്ലെങ്കിൽ, നിങ്ങൾ ഉടൻ തന്നെ MAFIL-നെ അറിയിക്കണം. അത്തരം വിവരങ്ങൾ ലഭിച്ചാൽ MAFIL ബന്ധപ്പെട്ട അക്കൗണ്ട് ബ്ലോക്ക് ചെയ്യും.

d. തുടർച്ചയായി മൂന്ന് തവണ തെറ്റായ പാസ്‌വേഡ് നൽകിയാൽ, വാലറ്റ് ലോക്കാകും. ആപ്ലിക്കേഷനിലെ 'പാസ്‌വേഡ് മറന്നു' ഓപ്ഷൻ വഴി പാസ്‌വേഡ് റീസെറ്റ് ചെയ്ത് നിങ്ങൾക്ക് അത് അക്ടിവേറ്റ് ചെയ്യാവുന്നതാണ്. ഇത് PPI ഉടമയുടെ ജനനത്തീയതി ചോദിക്കുകയും രജിസ്റ്റർ ചെയ്ത ഫോൺ നമ്പറിൽ ഒരു OTP ജനറേറ്റ് ചെയ്യുകയും ചെയ്യും. OTP നൽകുന്നതിലൂടെ, വാലറ്റ് അക്ടിവേറ്റ് ചെയ്യപ്പെടും.

e. നിർദ്ദിഷ്ട വ്യാപാര സ്ഥാപനത്തിൽ ലഭ്യമായ ഉൽപ്പന്നങ്ങളുമായി/സേവനങ്ങളുമായി ബന്ധപ്പെട്ട എല്ലാ ഇടപാടുകൾക്കും നിങ്ങൾ മാക്കാഷ് വാലറ്റ് മാത്രമേ ഉപയോഗിക്കാവൂ. വ്യാപാര സ്ഥാപനങ്ങളുടെ പട്ടിക https://www.manappuram.com/makash -ൽ ലഭ്യമാണ്, മുൻകൂർ അറിയിപ്പ് കൂടാതെ MAFIL-ന്റെ വിവേചന പ്രകാരം അത് മാറ്റത്തിനു വിധേയവുമാണ്.

f. നിങ്ങളുടെ വിലാസത്തിൽ എന്തെങ്കിലും മാറ്റമുണ്ടെങ്കിൽ, വിലാസ തെളിവായ നിശ്ചിത KYC രേഖകൾ സഹിതം നിങ്ങൾ അത് രേഖാമൂലം MAFIL-നെ അറിയിക്കണം.

g. ബാധകമായ ഏതെങ്കിലും നിയമം, ചട്ടം, മാർഗ്ഗനിർദ്ദേശം, കോടതി ഉത്തരവ്, MAFIL നയം അല്ലെങ്കിൽ പൊതുനയം എന്നിവയ്ക്ക് വിരുദ്ധമായി അല്ലെങ്കിൽ എതിരായി കണക്കാക്കപ്പെടാവുന്ന അല്ലെങ്കിൽ MAFIL-ന്റെ സത്പേരിനെ പ്രതികൂലമായി ബാധിക്കുന്ന ഏതെങ്കിലും ഉദ്ദേശ്യത്തിനായി മാക്കാഷ് വാലറ്റ് ഉപയോഗിക്കരുത്.

h. മാക്കാഷ് വാലറ്റ് നിങ്ങളുടെ മൊബൈൽ ഫോൺ നമ്പറുമായി ബന്ധിപ്പിച്ചിട്ടുണ്ടെന്നും സേവനങ്ങളുമായി ബന്ധപ്പെട്ട്, മൊബൈൽ ഫോൺ നമ്പർ നഷ്ടപ്പെടുകയോ /മോഷ്ടിക്കപ്പെടുകയോ / ദുരുപയോഗം ചെയ്യുകയോ അല്ലെങ്കിൽ ബന്ധപ്പെട്ട ടെലികോം സേവന ദാതാവ് മൊബൈൽ കണക്ഷൻ നിർജ്ജീവമാക്കുകയോ ചെയ്യുന്നതിലൂടെ ഉണ്ടാകുന്ന ഏതൊരു ബാധ്യതയ്ക്കും നിങ്ങൾ മാത്രമായിരിക്കും ഉത്തരവാദിയെന്നും നിങ്ങൾ അംഗീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുന്നു.

i. മാക്കാഷ് വാലറ്റ് ലഭ്യമാക്കാനായി നിങ്ങൾ സമർപ്പിക്കുന്ന വിവരങ്ങൾ കൂടാതെ/അല്ലെങ്കിൽ മാക്കാഷ് വാലറ്റ് ഉപയോഗിക്കുമ്പോൾ സമർപ്പിക്കുന്ന

വിവരങ്ങൾ, മാക്കാഷ് വാലറ്റ് സൗകര്യം ലഭ്യമാക്കാനും മറ്റുമായി MAFIL മൂന്നാം കക്ഷികളുമായി പങ്കിട്ടേക്കാം.

j. വിദേശ കറൻസിയിലുള്ള ഇടപാടുകൾക്കായി സേവനങ്ങൾ ഉപയോഗിക്കുന്നില്ലെന്ന് നിങ്ങൾ ഉറപ്പാക്കണം. മാക്കാഷ് വാലറ്റ് ഇഷ്യൂ ചെയ്യുന്നതും അതിന് സാധുതയുള്ളതും ഇന്ത്യയിൽ മാത്രമാണ്, അത് ഇന്ത്യയിലെ വ്യാപാര സ്ഥാപനങ്ങളിൽ മാത്രമേ ഉപയോഗിക്കാവൂ.

k. മേൽപ്പറഞ്ഞ കാര്യങ്ങൾ പരിമിതപ്പെടുത്താതെ തന്നെ, MAFIL വെബ്സൈറ്റ് (www.manappuramdigital.com) ഉപയോഗിച്ച് താഴെപ്പറയുന്ന ഏതെങ്കിലും പ്രവർത്തനങ്ങൾ നടത്തുകയോ പ്രദർശിപ്പിക്കുകയോ അപ്‌ലോഡ് ചെയ്യുകയോ പരിഷ്ക്കരിക്കുകയോ പ്രസിദ്ധീകരിക്കുകയോ വിതരണം ചെയ്യുകയോ പ്രചരിപ്പിക്കുകയോ പ്രക്ഷേപണം ചെയ്യുകയോ അപ്ഡേറ്റ് ചെയ്യുകയോ പങ്കിടുകയോ ചെയ്യില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു:

1. വളരെ ഹാനികരവും ഉപദ്രവകരവും ദൈവദൂഷണപരവും അപകീർത്തികരവും വൃത്തികെട്ടതും അശ്ലീലവും ശിശുക്കളോടുള്ള ലൈംഗികാസക്തപരവും അപവാദകരവും മറ്റൊരാളുടെ സ്വകാര്യതയിലേക്ക് കടന്നുകയറുന്നതും വിദ്വേഷകരവും അല്ലെങ്കിൽ വർഗ്ഗീയമായോ വംശീയമായോ ആക്ഷേപകരവും അവമതിക്കുന്നതും കള്ളപ്പണം വെളുപ്പിക്കലുമായി അല്ലെങ്കിൽ ചൂതാട്ടവുമായി അല്ലെങ്കിൽ മറ്റെന്തെങ്കിലും വിധത്തിൽ നിയമവിരുദ്ധമായ കാര്യങ്ങളുമായി ബന്ധപ്പെട്ടതും അല്ലെങ്കിൽ അവയെ പ്രോത്സാഹിപ്പിക്കുന്നതും ആയ കാര്യങ്ങൾ;

2. ഏതെങ്കിലും പേറ്റന്റ്, വ്യാപാരമുദ്ര, പകർപ്പവകാശം അല്ലെങ്കിൽ മറ്റ് ഉടമസ്ഥാവകാശങ്ങൾ ലംഘിക്കുന്നത്;

3. വൈറസുകൾ, കേടായ ഫയലുകൾ, അല്ലെങ്കിൽ ഏതെങ്കിലും കമ്പ്യൂട്ടർ സ്രോതസ്സിന്റെ പ്രവർത്തനക്ഷമതയെ തടസ്സപ്പെടുത്താനോ നശിപ്പിക്കാനോ പരിമിതപ്പെടുത്താനോ രൂപകൽപ്പന ചെയ്തിട്ടുള്ള അല്ലെങ്കിൽ മറ്റൊരാളുടെ കമ്പ്യൂട്ടറിന്റെയോ അതിന്റെ വെബ്സൈറ്റുകളുടെയോ ഏതെങ്കിലും സോഫ്റ്റ്‌വെയറിന്റെയോ ഹാർഡ്‌വെയറിന്റെയോ ടെലികമ്മ്യൂണിക്കേഷൻ ഉപകരണങ്ങളുടെയോ പ്രവർത്തനത്തെ തകരാറിലാക്കുകയോ പ്രതികൂലമായി ബാധിക്കുകയോ ചെയ്യുന്ന മറ്റേതെങ്കിലും സമാനമായ സോഫ്റ്റ്‌വെയറോ പ്രോഗ്രാമുകളോ അടങ്ങിയിരിക്കുന്നു.

4. ഏതെങ്കിലും വാണിജ്യ ഉദ്ദേശ്യങ്ങൾക്കായി ഏതെങ്കിലും സാധനങ്ങളോ സേവനങ്ങളോ പരസ്യം ചെയ്യുകയോ വിൽക്കാൻ വാഗ്ദാനം ചെയ്യുകയോ ചെയ്യുന്നു.

5. പ്രൊമോഷണൽ സേവനങ്ങൾ, ഉൽപ്പന്നങ്ങൾ, സർവേകൾ, മത്സരങ്ങൾ, പിരമിഡ് സ്കീമുകൾ, സ്പാം, ആവശ്യപ്പെടാത്ത പരസ്യങ്ങൾ അല്ലെങ്കിൽ പ്രൊമോഷണൽ മെറ്റീരിയലുകൾ, അല്ലെങ്കിൽ ചെയിൻ ലെറ്ററുകൾ എന്നിവയുടെ സ്വഭാവത്തിലുള്ളതാണ്;
6. ഏതെങ്കിലും രചയിതാവിന്റെ ആട്രിബ്യൂഷനുകൾ, നിയമപരമായ അല്ലെങ്കിൽ മറ്റ് ശരിയായ അറിയിപ്പുകൾ അല്ലെങ്കിൽ ഉടമസ്ഥാവകാശ പദവികൾ അല്ലെങ്കിൽ സോഫ്റ്റ്‌വെയറിന്റെയോ മറ്റ് മെറ്റീരിയലിന്റെയോ ഉത്ഭവത്തിന്റെയോ ഉറവിടത്തിന്റെയോ ലേബലുകൾ വ്യാജമാക്കുകയോ ഇല്ലാതാക്കുകയോ ചെയ്യുക.
7. നിലവിൽ പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമം ലംഘിക്കുന്നു.
8. മറ്റൊരു വ്യക്തിയുടേതും നിങ്ങൾക്ക് യാതൊരു അവകാശവും ഇല്ലാത്തതും.
9. മാക്കാഷ്-ന്റെ വെബ്സൈറ്റുകളിലോ സെർവറുകളിലോ നെറ്റ്‌വർക്കുകളിലോ ഇടപെടുകയോ അവയെ തടസ്സപ്പെടുത്തുകയോ ചെയ്യുന്നു.
10. മറ്റേതെങ്കിലും വ്യക്തിയായി ആൾമാറാട്ടം നടത്തുന്നു.
11. പ്രായപൂർത്തിയാകാത്തവരെ ഏതെങ്കിലും വിധത്തിൽ ഉപദ്രവിക്കുന്നു.
12. അതിന്റെ വെബ്സൈറ്റുകളിലൂടെ പ്രക്ഷേപണം ചെയ്യുന്ന ഏതെങ്കിലും ഉള്ളടക്കത്തിന്റെ ഉത്ഭവം മറച്ചുവെക്കാനോ അതിന്റെ വെബ്സൈറ്റുകളിലെ നിങ്ങളുടെ സാന്നിധ്യം കൈകാര്യം ചെയ്യാനോ വേണ്ടി വ്യാജ ഹെഡറുകൾ നിർമ്മിക്കുകയോ ഐഡന്റിഫയറുകളോ മറ്റ് ഡാറ്റയോ കൈകാര്യം ചെയ്യുകയോ ചെയ്യുക.
13. ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെടുക.
14. ഇന്ത്യയുടെ ഐക്യം, അഖണ്ഡത, പ്രതിരോധം, സുരക്ഷ അല്ലെങ്കിൽ പരമാധികാരം, വിദേശ രാജ്യങ്ങളുമായുള്ള സൗഹൃദബന്ധങ്ങൾ, അല്ലെങ്കിൽ ക്രമസമാധാനം എന്നിവയെ ഭീഷണിപ്പെടുത്തുന്നു, അല്ലെങ്കിൽ ഏതെങ്കിലും ഗുരുതരമായ കുറ്റകൃത്യം ചെയ്യുന്നതിന് പ്രേരണ നൽകുന്നു അല്ലെങ്കിൽ ഏതെങ്കിലും കുറ്റകൃത്യത്തിന്റെ അന്വേഷണം തടയുന്നു അല്ലെങ്കിൽ മറ്റൊരു രാജ്യത്തെ അപമാനിക്കുന്നു;

12. മാക്കാഷ് വാലറ്റ് റീചാർജ് ചെയ്യുന്നു

MAFIL ഒരു റീസെല്ലർ മാത്രമാണ്. MAFIL മൊബൈൽ സേവനം നൽകുന്നില്ല, അത് ടെലികമ്മ്യൂണിക്കേഷൻ സേവന ദാതാക്കളുടെയോ പ്രീപെയ്ഡ് റീചാർജ്

ദാതാക്കളുടെയോ ('ടെൽകോ' അല്ലെങ്കിൽ 'ടെൽകോസ്" അല്ലെങ്കിൽ 'MNO' അല്ലെങ്കിൽ 'MNO-കൾ') അല്ലെങ്കിൽ അത്തരം ടെൽകോകളുടെ മറ്റ് വിതരണക്കാരുടെയോ അഗ്രഗേറ്റർമാരുടെയോ പ്രീപെയ്ഡ് മൊബൈൽ സേവനങ്ങളുടെ ഒരു പുനർവിൽപ്പനക്കാരൻ മാത്രമാണ്. MAFIL ടെൽകോകൾ നൽകുന്ന സേവനങ്ങളുടെ വാറണ്ടറോ ഇൻഷുററോ ഗ്യാരണ്ടറോ അല്ല. ഞങ്ങൾ നിങ്ങൾക്ക് വിൽക്കുന്ന റീചാർജ് ടെൽകോയുടെ ഏതെങ്കിലും കരാർ ലംഘനത്തിന് ഞങ്ങളെ നിയമപരമായി ഉത്തരവാദികളാക്കാതെ വിൽക്കുന്നവയാണ്. വാങ്ങിയ റീചാർജിന്റെ ഗുണനിലവാരം, നൽകിയിരിക്കുന്ന മിനിറ്റുകൾ, ചെലവ്, കാലഹരണപ്പെടൽ അല്ലെങ്കിൽ മറ്റ് നിബന്ധനകൾ എന്നിവ സംബന്ധിച്ച ഏതൊരു തർക്കവും നിങ്ങളും (അല്ലെങ്കിൽ റീചാർജ് സ്വീകർത്താവും) ടെൽകോയും തമ്മിൽ നേരിട്ട് കൈകാര്യം ചെയ്യണം.

13. ബിൽ പേയ്മെന്റുകൾ

a. സേവനം ഉപയോഗിക്കുന്നതിന് നിങ്ങൾ നേരിട്ടോ വെബ് അധിഷ്ഠിത ഉള്ളടക്കം ആക്സസ് ചെയ്യുന്ന ഉപകരണങ്ങൾ വഴിയോ വേൾഡ് വൈഡ് വെബിലേക്ക് ആക്സസ് നേടുകയും അത്തരം ആക്സസുമായി ബന്ധപ്പെട്ട ഏതു സേവന ഫീസും അടയ്ക്കുകയും ചെയ്യേണ്ടതുണ്ടായിരിക്കാം. ഇതിനുപുറമെ, ഒരു കമ്പ്യൂട്ടർ, മോഡം അല്ലെങ്കിൽ മറ്റൊരു ആക്സസ് ഉപകരണം ഉൾപ്പെടെ, വേൾഡ് വൈഡ് വെബിലേക്ക് അത്തരമൊരു കണക്ഷൻ ഉണ്ടാക്കാൻ ആവശ്യമായ എല്ലാ ഉപകരണങ്ങളും നിങ്ങളുടെ കൈവശം ഉണ്ടായിരിക്കണം.

b. സേവനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഫീസ് ഉപയോക്താവിൽ ചുമത്താനും ഈടാക്കാനുമുള്ള അവകാശം MAFIL-ലും കൂടാതെ/അല്ലെങ്കിൽ MAFIL ബിസിനസ് പങ്കാളിയിലും നിക്ഷിപ്തമാണ്. ഈ നിരക്കുകൾ MAFIL വെബ്സൈറ്റിലോ സേവനം ലഭിക്കാൻ നിങ്ങൾ ഉപയോഗിക്കുന്ന MAFIL ബിസിനസ് പങ്കാളി ചാനലിലോ പോസ്റ്റ് ചെയ്യുന്ന സമയം മുതൽ അവ പ്രാബല്യത്തിൽ വരും. അവയിലെ ഭേദഗതികൾക്ക് നിങ്ങൾ വിധേയരാണ്, അതുകൊണ്ട് നിലവിലെ ഫീസ് കാലാകാലങ്ങളിൽ അവലോകനം ചെയ്യാനായി MAFIL വെബ്സൈറ്റ് സന്ദർശിക്കുകയോ സേവനം ലഭിക്കാൻ നിങ്ങൾ ഉപയോഗിക്കുന്ന MAFIL ബിസിനസ് പങ്കാളി ചാനലുമായി ബന്ധപ്പെടുകയോ വേണം. സമർപ്പിച്ചിരിക്കാവുന്ന പേയ്മെന്റ് നിർദ്ദേശങ്ങൾ നിങ്ങൾ നിർത്തുകയോ റിവേഴ്സ് ചെയ്യാൻ ശ്രമിക്കുകയോ ചെയ്താൽ, MAFIL-ന് നിങ്ങളിൽ നിന്ന് നിരക്ക് ഈടാക്കാനും തിരിച്ചുപിടിക്കാനും അവകാശമുണ്ടായിരിക്കും, കൂടാതെ MAFIL തീരുമാനിക്കുന്നതു പോലെ അത്തരം ചാർജുകൾ ബിൽ പേയ്മെന്റ് സവീസിന് അടയ്ക്കാൻ നിങ്ങൾ ബാധ്യസ്ഥനുമായിരിക്കും. ഈ ചാർജുകൾ നിങ്ങളുടെ നിയുക്ത പേയ്മെന്റ് അക്കൗണ്ടിലോ MAFIL തീരുമാനിച്ച മറ്റേതെങ്കിലും രീതിയിലോ ചാർജ് ചെയ്യും.

c. സാധുവായ ഒരു പേയ്മെന്റ് അക്കൗണ്ട് ഉപയോഗിച്ച് തിരിച്ചറിഞ്ഞ ബില്ലർക്ക്(മാർക്ക്) പേയ്മെന്റുകൾ നടത്താൻ MAFIL സൗകര്യപ്രദവും സുരക്ഷിതവുമായ ഒരു മാർഗം വാഗ്ദാനം ചെയ്യുന്നു.

d. നിങ്ങൾക്ക് സേവനം ലഭ്യമാകുന്ന MAFIL ബിസിനസ് പങ്കാളിയെ ആശ്രയിച്ച്:

i. സേവനത്തിന്റെ പ്രത്യേക സവിശേഷതകൾ വ്യത്യാസപ്പെടാം.

ii. സേവനത്തിൽ ലഭ്യമായ ബില്ലർമാരുടെ എണ്ണം വ്യത്യാസപ്പെടാം.

iii. പേയ്മെന്റ് നിർദ്ദേശം നൽകാൻ ഉപയോഗിക്കാവുന്ന പേയ്മെന്റ് അക്കൗണ്ടുകളുടെ തരവും ശ്രേണിയും വ്യത്യാസപ്പെടാം

iv. സേവനം ആക്സസ് ചെയ്യാൻ കഴിയുന്ന മോഡുകൾ/ഉപകരണങ്ങൾ വ്യത്യാസപ്പെടാം

v. സേവനം ലഭിക്കുന്നതിനുള്ള ചാർജുകളോ ഫീസോ സേവനത്തിന്റെ ഏതെങ്കിലും വശങ്ങളോ വ്യത്യാസപ്പെടാം. ഈ വശങ്ങളുമായി ബന്ധപ്പെട്ട പ്രത്യേക വിശദാംശങ്ങൾ MAFIL ബിസിനസ് പങ്കാളിയുടെ പക്കലോ സേവനം ലഭ്യമാകുന്ന ചാനലിലോ ലഭ്യമാകും.

e. കാലാകാലങ്ങളിൽ, MAFIL-ന് അതിന്റെ സ്വന്തം വിവേചന പ്രകാരം, ബില്ലർമാരുടെ അല്ലെങ്കിൽ ബില്ലർക്ക് പേയ്മെന്റുകൾ നടത്തുന്നതിന് ഉപയോഗിക്കാവുന്ന പേയ്മെന്റ് അക്കൗണ്ടുകളുടെ തരങ്ങളുടെ ലിസ്റ്റിലേക്ക് എന്തെങ്കിലും ചേർക്കാനോ ഇല്ലാതാക്കാനോ കഴിയും. ഏത് സാഹചര്യത്തിലും (i) ബില്ലർ വിശദാംശങ്ങളെ ആശ്രയിച്ച് പേയ്മെന്റുകൾ നടത്താൻ ഉപയോഗിക്കാവുന്ന പേയ്മെന്റ് അക്കൗണ്ടുകളുടെ തരവും ശ്രേണിയും ഓരോ ബില്ലറിനും വ്യത്യാസപ്പെടാം (ii) ഒരു ബില്ലറോടുള്ള ബന്ധത്തിൽ ചില തരം പേയ്മെന്റ് അക്കൗണ്ടുകൾ ഉപയോഗിക്കുമ്പോൾ അധിക ഫീസ്/ചാർജ് ഉണ്ടാകാം; (iii) പേയ്മെന്റ് നിർദ്ദേശം നൽകാൻ ഒരു കാർഡാണോ അതോ ബാങ്ക് അക്കൗണ്ടാണോ ഉപയോഗിക്കുന്നത് എന്നതിനെ ആശ്രയിച്ച് ഒരു ബില്ലർക്ക് പേയ്മെന്റ് നടത്തുന്നതിന് അടിസ്ഥാനമായുള്ള നിബന്ധനകൾ വ്യത്യാസപ്പെടാം. കൂടാതെ, MAFIL ബിസിനസ് പങ്കാളി അനുവദിക്കുന്ന നിർദ്ദിഷ്ട സൗകര്യങ്ങളെ ആശ്രയിച്ച്, ഒരു ബില്ലറിലേക്കുള്ള പേയ്മെന്റുകൾ (a) ഒരു പേയ്മെന്റ് അക്കൗണ്ടിലേക്ക് ഒരു ഓൺലൈൻ ഡെബിറ്റിനുള്ള/ചാർജിനുള്ള പേയ്മെന്റ് നിർദ്ദേശം നൽകിക്കൊണ്ടോ; അല്ലെങ്കിൽ (b) ഒരു പേയ്മെന്റ് അക്കൗണ്ടിലേക്ക് ഒരു ഓട്ടോമേറ്റഡ് ഡെബിറ്റ് ഷെഡ്യൂൾ ചെയ്തുകൊണ്ടോ നടത്താവുന്നതാണ്.

14. ബിൽ പേയ്മെന്റ് സേവനം ഉപയോഗിക്കുന്നതിലൂടെ, നിങ്ങൾ ഇനിപ്പറയുന്നവ സമ്മതിക്കുന്നു:

1. നിങ്ങളെ കുറിച്ചുള്ള വിവരങ്ങളും ("രജിസ്ട്രേഷൻ ഡാറ്റ") നിങ്ങളുടെ പേയ്മെന്റ് അക്കൗണ്ട് വിശദാംശങ്ങളും ("പേയ്മെന്റ് ഡാറ്റ") നിങ്ങളുടെ ബില്ലർ വിശദാംശങ്ങളും ("ബില്ലർ ഡാറ്റ") സംബന്ധിച്ച് സത്യവും കൃത്യവും കാലികവും പൂർണ്ണവുമായ വിവരങ്ങൾ നൽകുക.

2. രജിസ്ട്രേഷൻ ഡാറ്റ, പേയ്മെന്റ് ഡാറ്റ, ബില്ലർ ഡാറ്റ എന്നിവ സത്യവും കൃത്യവും കാലികവും പൂർണ്ണവുമായി നിലനിർത്താൻ അവ പരിപാലിക്കുകയും ഉടനടി അപ്ഡേറ്റ് ചെയ്യുകയും ചെയ്യുക. നിങ്ങൾ നൽകുന്ന ഏതെങ്കിലും വിവരങ്ങൾ സത്യമോ കൃത്യമോ കാലികമോ പൂർണ്ണമോ അല്ലെങ്കിൽ, അല്ലെങ്കിൽ അത്തരം വിവരങ്ങൾ സത്യമോ കൃത്യമോ കാലികമോ പൂർണ്ണമോ അല്ലെന്ന് സംശയിക്കാൻ MAFIL-ന് ന്യായമായ കാരണങ്ങളുണ്ടെങ്കിൽ, നിങ്ങളുടെ അക്കൗണ്ട് നിർത്തിവയ്ക്കാനോ അവസാനിപ്പിക്കാനോ സേവനത്തിന്റെ (അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തിന്റെ) നിലവിലുള്ളതോ ഭാവിയിലുള്ളതോ ആയ ഉപയോഗം നിരസിക്കാനോ MAFIL-ന് അവകാശമുണ്ട്. ബില്ലർ എന്ന പദത്തിൽ ടെലികോം ഓപ്പറേറ്റർമാരും ഉൾപ്പെടുന്നു.

3. താഴെ പറയുന്ന ഏതെങ്കിലും ഒന്നോ അതിലേറെയോ സാഹചര്യങ്ങൾ നിമിത്തം ഏതെങ്കിലും പേയ്മെന്റ് നിർദ്ദേശം(ങ്ങൾ) പേയ്മെന്റ് തീയതിയിൽ നടപ്പാക്കാൻ കഴിയുന്നില്ലെങ്കിൽ MAFIL അക്കാര്യത്തിൽ എന്തെങ്കിലും ഉത്തരവാദിത്തവും ഏറ്റെടുക്കുകയോ ബാധ്യത വഹിക്കുകയോ ചയ്യുന്നില്ല:

   a. നിങ്ങൾ നൽകിയ പേയ്മെന്റ് നിർദ്ദേശങ്ങൾ അപൂർണ്ണമോ കൃത്യതയില്ലാത്തതോ അസാധുവോ വൈകിലഭിച്ചതോ ആണെങ്കിൽ.

   b. പേയ്മെന്റ് നിർദ്ദേശത്തിൽ(ങ്ങളിൽ) പറഞ്ഞിരിക്കുന്ന തുക അടയ്ക്കാൻ പേയ്മെന്റ് അക്കൗണ്ടിൽ മതിയായ ഫണ്ടുകളോ പരിധികളോ ഇല്ലെങ്കിൽ

   c. പേയ്മെന്റ് അക്കൗണ്ടിൽ ലഭ്യമായ ഫണ്ടുകൾ ഏതെങ്കിലും ബാധ്യതയ്ക്കോ ചാർജിനോ കീഴിലാണെങ്കിൽ.

   d. നിങ്ങളുടെ ബാങ്കോ NCC-യോ പേയ്മെന്റ് നിർദ്ദേശം(ങ്ങൾ) സ്വീകരിക്കാൻ വിസമ്മതിക്കുകയോ കാലതാമസം വരുത്തുകയോ ചെയ്താൽ

   e. പണം സ്വീകരിച്ച ശേഷം ബില്ലർ അത് പ്രോസസ്സ് ചെയ്തില്ലെങ്കിൽ.

f. MAFIL-ന്റെ നിയന്ത്രണത്തിന് അതീതമായ സാഹചര്യങ്ങൾ (തീപിടുത്തം, വെള്ളപ്പൊക്കം, പ്രകൃതി ദുരന്തങ്ങൾ, ബാങ്ക് പണിമുടക്കുകൾ, വൈദ്യുതി തകരാർ, സിസ്റ്റം അല്ലെങ്കിൽ നെറ്റ് തകരാർ, അപ്രതീക്ഷിത കാരണത്താൽ കമ്പ്യൂട്ടർ അല്ലെങ്കിൽ ടെലിഫോൺ ലൈനുകൾ തകരാറിലാകൽ അല്ലെങ്കിൽ ബാഹ്യശക്തിയുടെ ഇടപെടൽ എന്നിവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടാത്ത)

1. ഏതെങ്കിലും കാരണത്താൽ ബിൽ പേയ്മെന്റ് നടത്തിയിട്ടില്ലെങ്കിൽ, പേയ്മെന്റ് പരാജയപ്പെട്ടതായി ഒരു ഇ-മെയിലിലൂടെയും SMS വഴിയും നിങ്ങളെ അറിയിക്കും.

2. ഇതിനു വിപരീതമായ യാതൊന്നും ഗണ്യമാക്കാതെ, ഏതൊരു കാരണത്താലും, നടപടിയുടെ രൂപം പരിഗണിക്കാതെ തന്നെ (അശ്രദ്ധയോ മറ്റ് കുറ്റകൃത്യങ്ങളോ കരാറിന്റെ ലംഘനമോ നിയമലംഘനമോ തെറ്റായുള്ള പ്രതിനിധീകരിക്കലോ മറ്റേതെങ്കിലും കാരണമോ മൂലമാണ് ബാധ്യത ഉളവാകുന്നതെങ്കിലും), ഞങ്ങളുടെ പരമാവധി മൊത്തം ബാധ്യത സേവനങ്ങളുടെയോ സൈറ്റിന്റെയോ ഭാഗം ഉപയോഗിക്കുന്നതിന് നിങ്ങൾ നൽകിയ തുക, അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, അല്ലെങ്കിൽ അയ്യായിരം രൂപ (5000 രൂപ), ഇതിലേതാണോ കുറവ് അതായിരിക്കും.

15. സൈറ്റിന്റെ ഉപയോഗം

MAFIL നൽകുന്നതായി വ്യക്തമായി പ്രതിപാദിച്ചിട്ടുള്ള വിവരങ്ങൾ, ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ ഒഴികെ, ഇന്റർനെറ്റിലെ ഏതെങ്കിലും വിവരങ്ങൾ, ഉൽപ്പന്നങ്ങൾ അല്ലെങ്കിൽ സേവനങ്ങൾ ഞങ്ങൾ പ്രവർത്തിപ്പിക്കുകയോ നിയന്ത്രിക്കുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ലെന്ന് നിങ്ങൾ മനസ്സിലാക്കുന്നു. സൈറ്റ് വഴി ഡൗൺലോഡ് ചെയ്യാൻ ലഭ്യമായ ഫയലുകൾ വൈറസുകൾ, വേമുകൾ, ദോഷകരമായേക്കാവുന്ന മറ്റ് കോഡുകൾ എന്നിവയിൽ നിന്ന് മുക്തമാണെന്ന് MAFIL-ന് ഗ്യാരണ്ടിയോ ഉറപ്പോ നൽകാനാവില്ല.. നിങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റാനുള്ള നടപടിക്രമങ്ങൾ നടപ്പിലാക്കാനും ഡാറ്റ ഇൻപുട്ടിന്റെയും ഔട്ട്പുട്ടിന്റെയും കൃത്യതയ്ക്കും ഉള്ള ഉത്തരവാദിത്തം നിങ്ങൾക്കാണ്.

16. നിരോധിത പെരുമാറ്റം

സേവനങ്ങൾ ഉപയോഗിക്കുന്നതിലൂടെ ഇനിപ്പറയുന്നവ ചെയ്യില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു:

1. ടെൽകോകളുടെ റീചാർജ് വാങ്ങാനും കൂടാതെ/അല്ലെങ്കിൽ ഈ നിബന്ധനകൾക്കും വ്യവസ്ഥകൾക്കും അനുസൃതമായി സേവനങ്ങൾ ആക്സസ് ചെയ്യാനും ഒഴികെയുള്ള ഏതെങ്കിലും ആവശ്യങ്ങൾക്ക് സേവനങ്ങൾ ഉപയോഗിക്കുന്നത്, കാരണം അത്തരം സേവനങ്ങൾ MAFIL വാഗ്ദാനം ചെയ്യുന്നു.

2. ഏതെങ്കിലും വ്യക്തിയെയോ സ്ഥാപനത്തെയോ അനുകരിക്കുക, ഏതെങ്കിലും വ്യക്തിയുമായോ സ്ഥാപനവുമായോ ഉള്ള ബന്ധം തെറ്റായി അവകാശപ്പെടുകയോ തെറ്റായി പ്രതിനിധീകരിക്കുകയോ ചെയ്യുക, അനുമതിയില്ലാതെ മറ്റുള്ളവരുടെ അക്കൗണ്ടുകളിൽ പ്രവേശിക്കുക, മറ്റൊരാളുടെ ഡിജിറ്റൽ ഒപ്പ് വ്യാജമായി നിർമ്മിക്കുക, സേവനങ്ങൾ വഴി കൈമാറ്റം ചെയ്യപ്പെടുന്ന വിവരങ്ങളുടെ ഉറവിടത്തെ, ഐഡന്റിറ്റിയെ അല്ലെങ്കിൽ ഉള്ളടക്കത്തെ തെറ്റായി പ്രതിനിധീകരിക്കുക, സമാനമായ മറ്റ് വഞ്ചനാപരമായ പ്രവർത്തനങ്ങൾ നടത്തുക അല്ലെങ്കിൽ വ്യാജമായിരിക്കാൻ സാധ്യതയുള്ള ഫണ്ടുകൾ എന്ന് ഞങ്ങൾ ന്യായമായും വിശ്വസിക്കുന്നവ ഉപയോഗിച്ച് റീചാർജ് പർച്ചേസ് ചെയ്യുക തുടങ്ങിയ കാര്യങ്ങൾ.

3. ഞങ്ങളുടെയോ മൂന്നാം കക്ഷിയുടെയോ ബൗദ്ധിക സ്വത്തവകാശങ്ങൾ, പ്രചാരണ അവകാശങ്ങൾ അല്ലെങ്കിൽ സ്വകാര്യത ലംഘിക്കുന്നത്.

4. നിങ്ങൾക്ക് പതിനെട്ട് (18) വയസ്സിന് താഴെയാണെങ്കിൽ ഒരു രക്ഷാകർതൃ സ്പോൺസർ ഇല്ലാതെ അല്ലെങ്കിൽ ഒരു രക്ഷാകർതൃ സ്പോൺസർ ഉണ്ടെങ്കിലും ബാധകമായ നിയമം അനുസരിച്ചാണെങ്കിലും പതിമൂന്ന് (13) വയസ്സിന് താഴെയാണെങ്കിൽ, സേവനങ്ങൾ ഉപയോഗിക്കുന്നത്.

5. ഏതെങ്കിലും വ്യക്തിയെ സംബന്ധിച്ച സ്വകാര്യമോ വ്യക്തിപരമോ ആയ കാര്യങ്ങൾ വെളിപ്പെടുത്തുന്നതോ, അപകീർത്തികരമോ ആയ ഏതെങ്കിലും സന്ദേശം പോസ്റ്റ് ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ ചെയ്യുന്നത്.

6. അശ്ലീല സ്വഭാവമുള്ള ഏതെങ്കിലും സന്ദേശം, ഡാറ്റ, ചിത്രം അല്ലെങ്കിൽ പ്രോഗ്രാം പോസ്റ്റ് ചെയ്യുകയോ പ്രക്ഷേപണം ചെയ്യുകയോ ചെയ്യുന്നത്.

7. ഒരു അന്വേഷണത്തിൽ സഹകരിക്കാൻ വിസമ്മതിക്കുകയോ നിങ്ങളുടെ ഐഡന്റിറ്റിയുടെ സ്ഥിരീകരണമോ MAFIL-ന് നൽകുന്ന മറ്റ് വിവരങ്ങളോ നൽകാൻ വിസമ്മതിക്കുകയോ ചെയ്യുന്നത്.

8. സേവനങ്ങളുടെയും സൈറ്റിന്റെയും സുരക്ഷാ സംബന്ധമായ സവിശേഷതകളോ സേവനങ്ങളുടെ ഉപയോഗത്തിൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തുന്ന സവിശേഷതകളോ നീക്കം ചെയ്യുകയോ ഒഴിവാക്കുകയോ പ്രവർത്തനരഹിതമാക്കുകയോ കേടുവരുത്തുകയോ മറ്റുവിധത്തിൽ കടന്നുകയറുകയോ ചെയ്യുന്നത്.

9. ഈ പരിമിതി ഗണ്യമാക്കാതെ ബാധകമായ നിയമം ഇനിപ്പറയുന്ന വിലക്ക് വ്യക്തമായി നിരോധിച്ചിരിക്കുന്ന പരിധിക്ക് അപ്പുറം, സേവനങ്ങളുടെ ഉറവിട കോഡോ അതിന്റെ ഏതെങ്കിലും ഭാഗമോ റിവേഴ്സ് എഞ്ചിനീയർ ചെയ്യുകയോ

ഡീകംപൈൽ ചെയ്യുകയോ ഡിസ്അസംബ്ലിംഗ് ചെയ്യുകയോ മറ്റുവിധത്തിൽ കണ്ടെത്താൻ ശ്രമിക്കുകയോ ചെയ്യുന്നത്.

10. സേവനങ്ങൾക്ക് കേടുപാടുകൾ വരുത്തുന്നതോ പ്രവർത്തനരഹിതമാക്കുന്നതോ അമിതഭാരം ഉണ്ടാക്കുന്നതോ അവയെ ദുർബലപ്പെടുത്തുന്നതോ ആയ ഏത് രീതിയിലും അവ ഉപയോഗിക്കുന്നത്, സേവനങ്ങൾ ഓട്ടോമേറ്റഡ് രീതിയിൽ ഉപയോഗിക്കുന്നതും ഇതിൽ ഉൾപ്പെടുന്നു, എന്നാൽ അതിൽ പരിമിതപ്പെടുന്നില്ല.

11. ഈ പരിമിതി ഗണ്യമാക്കാതെ ബാധകമായ നിയമം ഇനിപ്പറയുന്ന വിലക്ക് വ്യക്തമായി നിരോധിച്ചിരിക്കുന്ന പരിധിക്ക് അപ്പുറം, സേവനങ്ങളെയും സൈറ്റിനെയും അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗത്തെയും അടിസ്ഥാനമാക്കി ഡെറിവേറ്റീവ് വർക്കുകൾ പരിഷ്കരിക്കുകയോ പൊരുത്തപ്പെടുത്തുകയോ വിവർത്തനം ചെയ്യുകയോ സൃഷ്ടിക്കുകയോ ചെയ്യുന്നത്.

12. വൈറസുകൾ, ആഡ്‌വെയർ, സ്പൈവെയർ, വേമുകൾ, അല്ലെങ്കിൽ മലിനമാക്കുന്നതോ നശിപ്പിക്കുന്നതോ ആയ സവിശേഷതകളുള്ള മറ്റ് ഉപദ്രവകരമായ കോഡോ ഫയലോ അപ്‌ലോഡ് ചെയ്യുകയോ പ്രചരിപ്പിക്കുകയോ ചെയ്യുന്നത് ഉൾപ്പെടെ, സേവനങ്ങളുടെ പ്രവർത്തനത്തിലോ മറ്റേതെങ്കിലും ഉപയോക്താവിന്റെ ആസ്വാദനത്തിലോ മനഃപൂർവ്വം ഇടപെടുകയോ കേടുവരുത്തുകയോ ചെയ്യുന്നത്.

13. മുൻകൂർ രേഖാമൂലമുള്ള അനുമതിയില്ലാതെ സൈറ്റ് നിരീക്ഷിക്കാനോ പകർത്താനോ ഏതെങ്കിലും റോബോട്ടോ സ്പൈഡറോ മറ്റൊരു ഓട്ടോമാറ്റിക് ഉപകരണമോ മാനുവൽ പ്രക്രിയയോ ഉപയോഗിക്കുന്നത്.

14. ഈ സൈറ്റിനെയോ ഈ സൈറ്റുമായി ബന്ധിപ്പിച്ചിരിക്കുന്ന നെറ്റ്‌വർക്കുകളെയോ തടസ്സപ്പെടുത്തുകയോ കൈകടത്തുകയോ ചെയ്യുന്നത്.

15. ഞങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളിൽ/നെറ്റ്വർക്കിൽ അകാരണമായതോ അനുപാതമില്ലാത്തതോ ആയ വലിയ ഭാരം അടിച്ചേൽപ്പിക്കുന്ന ഏതൊരു നടപടിയും സ്വീകരിക്കുന്നത്.

16. സൈറ്റിന്റെ റോബോട്ട് ഒഴിവാക്കൽ തലക്കെട്ടുകൾ മറികടക്കാൻ ഏതെങ്കിലും ഉപകരണമോ സോഫ്റ്റ്‌വെയറോ റുട്ടീനോ ഉപയോഗിക്കുന്നത്, അല്ലെങ്കിൽ സേവനങ്ങളിൽ കൈകടത്തുകയോ കൈകടത്താൻ ശ്രമിക്കുകയോ ചെയ്യുന്നത്.

17. ഞങ്ങളുടെ സൈറ്റിലൂടെ കൈമാറ്റം ചെയ്യപ്പെടുന്ന ഏതെങ്കിലും ഉള്ളടക്കത്തിന്റെ ഉത്ഭവം മറച്ചുവെക്കാനോ ഞങ്ങളുടെ സൈറ്റിലെ നിങ്ങളുടെ സാന്നിധ്യം കൈകാര്യം

ചെയ്യാനോ വേണ്ടി വ്യാജ തലക്കെട്ടുകൾ നിർമ്മിക്കുകയോ ഐഡന്റിഫയറുകളോ മറ്റ് ഡാറ്റയോ കൈകാര്യം ചെയ്യുകയോ ചെയ്യുന്നത്.

18. അതുമായി ബന്ധപ്പെട്ടതോ അതിൽ നിന്ന് ഉരുത്തിരിഞ്ഞതോ ആയ സേവനങ്ങൾ, വിവരങ്ങൾ അല്ലെങ്കിൽ സോഫ്റ്റ്‌വെയർ വിൽക്കുന്നത്.

19. മറ്റുള്ളവരുടെ അവകാശങ്ങൾ ലംഘിക്കുന്ന ഏതെങ്കിലും നിയമവിരുദ്ധ പ്രവർത്തനമോ മറ്റ് പ്രവർത്തനമോ നടത്താനോ അവയുടെ പെർഫോമൻസ് അഭ്യർത്ഥിക്കാനോ വേണ്ടി സൈറ്റിന്റെ ഏതെങ്കിലും സൗകര്യങ്ങളും കഴിവുകളും ഉപയോഗിക്കുന്നത്.

20. ഈ കരാറോ മറ്റേതെങ്കിലും MAFIL കരാറോ നയമോ ലംഘിക്കുന്നത്.

21. തെറ്റായ, കൃത്യമല്ലാത്ത അല്ലെങ്കിൽ തെറ്റിദ്ധരിപ്പിക്കുന്ന വിവരങ്ങൾ നൽകുന്നത്.

22. സൈറ്റിന്റെ മറ്റ് ഉപയോക്താക്കളുടെ സാമ്പത്തിക വിവരങ്ങൾ ഉൾപ്പെടെ, എന്നാൽ അതിൽ പരിമിതപ്പെടാത്ത, വ്യക്തിഗത വിവരങ്ങൾ ശേഖരിക്കാനോ നേടാനോ വേണ്ടി സൈറ്റ് ഉപയോഗിക്കുന്നത്.

23. MAFIL ന്യായമായും വഞ്ചനാപരമായ ഫണ്ടുകളാണെന്ന് വിശ്വസിക്കുന്നവ ഉപയോഗിച്ച് റീചാർജ് പർച്ചേസ് ചെയ്യുന്നത്.

24. പരാതികൾ, തർക്കങ്ങൾ, റദ്ദാക്കലുകൾ, ചാർജ്ബാക്കുകൾ, ഫീസ്, പിഴകൾ, പിഴകൾ, കൂടാതെ MAFIL-നോ ഒരു മൂന്നാം കക്ഷിക്കോ നിങ്ങൾക്കോ ഉള്ള മറ്റ് ബാധ്യതകൾ എന്നിവയ്ക്ക് കാരണമാകുന്ന അല്ലെങ്കിൽ അവയ്ക്ക് കാരണമായേക്കാവുന്ന രീതിയിൽ സേവനങ്ങൾ ഉപയോഗിക്കുന്നത്.

25. പേയ്മെന്റ് കാർഡ് സിസ്റ്റത്തിന്റെ ദുരുപയോഗമോ പേയ്മെന്റ് കാർഡ് നെറ്റ്‌വർക്ക് നിയമങ്ങളുടെ ലംഘനമോ ആണെന്ന് MAFIL അല്ലെങ്കിൽ മറ്റേതെങ്കിലും പേയ്മെന്റ് കാർഡ് നെറ്റ്‌വർക്ക് ന്യായമായും വിശ്വസിക്കുന്ന രീതിയിൽ സേവനങ്ങൾ ഉപയോഗിക്കുന്നത്.

26. MAFIL-ന് അതിന്റെ സേവന ദാതാക്കളിൽ നിന്നോ ടെൽകോകളിൽ നിന്നോ പേയ്മെന്റ് പ്രോസസ്സറുകളിൽ നിന്നോ മറ്റ് വിതരണക്കാരിൽ നിന്നോ ലഭിക്കുന്ന ഏതെങ്കിലും സേവനങ്ങൾ നഷ്ടപ്പെടാൻ ഇടയാക്കുന്ന ഏതൊരു നടപടിയും സ്വീകരിക്കുന്നത്.

27. MAFIL-ൽ നിന്നുള്ള വ്യക്തമായ മുൻകൂർ അനുമതിയില്ലാതെ സൈറ്റിന്റെ സിസ്റ്റത്തിലേക്ക് ഏതെങ്കിലും തരത്തിലുള്ള ഓട്ടോമേറ്റഡ് അഭ്യർത്ഥന അയയ്ക്കുന്നത്.

17. റീഫണ്ട് നയം

റീചാർജിന്റെ എല്ലാ വിൽപ്പനകളും അന്തിമമാണ്, റീഫണ്ടോ കൈമാറ്റമോ അനുവദനീയമല്ല. ഏത് മൊബൈൽ നമ്പറിനോ DTH അക്കൗണ്ട് നമ്പറിനോ വേണ്ടിയാണോ നിങ്ങൾ റീചാർജ് വാങ്ങുന്നത് ആ നമ്പറുകൾക്കും ആ വാങ്ങലുകളുടെ ഫലമായുണ്ടാകുന്ന എല്ലാ ചാർജുകൾക്കും നിങ്ങൾ ഉത്തരവാദിയാണ്. ഒരു തെറ്റായ മൊബൈൽ നമ്പറോ DTH അക്കൗണ്ട് നമ്പറോ ഉപയോഗിച്ച് റീചാർജ് വാങ്ങുന്നതിന് MAFIL ഉത്തരവാദിയല്ല. എന്നാൽ സൈറ്റിൽ നിങ്ങൾ നടത്തുന്ന ഒരു ഇടപാടിൽ, നിങ്ങളുടെ കാർഡിലോ ബാങ്ക് അക്കൗണ്ടിലോ പണം ഈടാക്കുകയും ഇടപാട് പൂർത്തിയായി 24 മണിക്കൂറിനുള്ളിൽ റീചാർജ് ലഭിക്കാതിരിക്കുകയും ചെയ്താൽ, ഞങ്ങളെ ബന്ധപ്പെടുക എന്ന പേജിൽ പരാമർശിച്ചിരിക്കുന്ന ഞങ്ങളുടെ ഉപഭോക്തൃ സേവന ഇമെയിൽ വിലാസത്തിലേക്ക് ഒരു ഇമെയിൽ അയച്ചുകൊണ്ട് നിങ്ങൾക്ക് ഞങ്ങളെ അറിയിക്കാവുന്നതാണ്. ആ ഇമെയിലിൽ ദയവായി ഇനിപ്പറയുന്ന വിശദാംശങ്ങൾ ഉൾപ്പെടുത്തുക - മൊബൈൽ നമ്പർ (അല്ലെങ്കിൽ DTH അക്കൗണ്ട് നമ്പർ), ഓപ്പറേറ്ററുടെ പേര്, റീചാർജ് മൂല്യം, ഇടപാട് തീയതി, ഓർഡർ നമ്പർ. MAFIL സംഭവം അന്വേഷിക്കും, റീചാർജ് നൽകാതെ നിങ്ങളുടെ കാർഡിൽ നിന്നോ ബാങ്ക് അക്കൗണ്ടിൽ നിന്നോ പണം ഈടാക്കിയതായി കണ്ടെത്തിയാൽ, നിങ്ങളുടെ ഇമെയിൽ ലഭിച്ച തീയതി മുതൽ 21 പ്രവൃത്തി ദിവസത്തിനുള്ളിൽ നിങ്ങൾക്ക് പണം തിരികെ നൽകും. എല്ലാ റീഫണ്ടുകളും നിങ്ങളുടെ വാലറ്റ് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യും. നിങ്ങളുടെ മാക്കാഷ് വാലറ്റിൽ നിന്ന് പണം തിരികെ ഉറവിടത്തിലേക്ക് കൈമാറാനുള്ള ഒരു അഭ്യർത്ഥന നിങ്ങളുടെ മാക്കാഷ് വാലറ്റിൽ നടത്താവുന്നതാണ്. നിങ്ങളുടെ ബാങ്കിന്റെ നയം അനുസരിച്ച് പണം നിങ്ങളുടെ ബാങ്ക് അക്കൗണ്ടിൽ കാണിക്കാൻ 3-21 ദിവസമെടുക്കും.

18. അവസാനിപ്പിക്കൽ; കരാർ ലംഘനങ്ങൾ

MAFIL-ന്, അതിന്റെ സ്വന്തം വിവേചനാധികാരത്തിൽ, ഏതെങ്കിലും കാരണത്താൽ അല്ലെങ്കിൽ ഒരു കാരണമില്ലാതെ, പിഴയില്ലാതെ, നിങ്ങളുടെ അക്കൗണ്ട് (അല്ലെങ്കിൽ അതിന്റെ ഏതെങ്കിലും ഭാഗം) അല്ലെങ്കിൽ സേവനങ്ങളുടെ ഉപയോഗം എപ്പോൾ വേണമെങ്കിലും നിർത്തിവയ്ക്കാനോ അവസാനിപ്പിക്കാനോ കഴിയുമെന്നും നിങ്ങളുടെ അക്കൗണ്ടിന്റെയോ ഉപയോക്തൃ പ്രൊഫൈലിന്റെയോ സ്വീകർത്താവിന്റെ പ്രൊഫൈലിന്റെയോ എല്ലാ അല്ലെങ്കിൽ ഏതെങ്കിലും ഭാഗം നീക്കം ചെയ്യാനോ ഉപേക്ഷിക്കാനോ കഴിയുമെന്നും നിങ്ങൾ സമ്മതിക്കുന്നു. MAFIL അതിന്റെ സ്വന്തം വിവേചനാധികാരം ഉപയോഗിച്ച്, എപ്പോൾ വേണമെങ്കിലും സേവനങ്ങളിലേക്കോ അതിന്റെ ഏതെങ്കിലും ഭാഗത്തേക്കോ ആക്സസ് നൽകുന്നത് മുൻകൂർ അറിയിപ്പ്

നൽകിയോ അല്ലാതെയോ നിർത്തിയേക്കാം. സേവനങ്ങളിലേക്കോ നിങ്ങളുടെ കൈവശമുള്ള ഏതെങ്കിലും അക്കൗണ്ടിലേക്കോ അതിന്റെ ഒരു ഭാഗത്തിലേക്കോ ഉള്ള നിങ്ങളുടെ ആക്സസ് അവസാനിപ്പിക്കുന്നത് മുൻകൂർ അറിയിപ്പ് നൽകാതെ നടപ്പിലാക്കാമെന്ന് നിങ്ങൾ സമ്മതിക്കുന്നു, കൂടാതെ അത്തരം അവസാനിപ്പിക്കലിന്റെ കാര്യത്തിൽ MAFIL-ന് നിങ്ങളോടോ ഏതങ്കിലും മൂന്നാം കക്ഷിയോടോ ബാധ്യത ഉണ്ടായിരിക്കില്ലെന്നും നിങ്ങൾ സമ്മതിക്കുന്നു. വഞ്ചനാപരമോ ദുരുപയോഗപരമോ നിയമവിരുദ്ധമോ ആയി സംശയിക്കപ്പെടുന്ന ഏതൊരു പ്രവർത്തനവും, ഉചിതമായ നിയമ നിർവ്വഹണ അധികാരികൾക്ക് കൈമാറുന്നതാണ്. ഏതെങ്കിലും കാരണത്താൽ സേവനം അവസാനിപ്പിച്ചാൽ, സേവനങ്ങൾ ഉപയോഗിക്കുന്നത് ഉടനടി നിർത്താൻ നിങ്ങൾ സമ്മതിക്കുന്നു.

19. ബാധ്യതയുടെയും നാശനഷ്ടങ്ങളുടെയും പരിമിതി

a. (i) ഈ കരാറിൽ നിന്നോ (ii) സേവനങ്ങളിൽ നിന്നോ സൈറ്റിൽ നിന്നോ ഏതെങ്കിലും റഫറൻസ് സൈറ്റിൽ നിന്നോ (iii) സേവനങ്ങളോ സൈറ്റോ (ഏത് അല്ലെങ്കിൽ എല്ലാ മെറ്റീരിയലുകളും ഉൾപ്പെടെ) ഏതെങ്കിലും റഫറൻസ് സൈറ്റുകളോ ഉപയോഗിക്കുന്നതിൽ നിന്നോ ഉപയോഗിക്കാൻ കഴിയാത്തതിൽ നിന്നോ ഉളവാകുന്നതോ അവയോടു ബന്ധപ്പെട്ടതോ ആയ ഏതെങ്കിലും പ്രത്യേകമായ, പരോക്ഷമായ, ആകസ്മികമായ, അനന്തരഫലമായ, ശിക്ഷാർഹമായ, ആശ്രയത്വപരമായ അല്ലെങ്കിൽ മാതൃകാപരമായ നാശനഷ്ടങ്ങൾക്ക് (പരിമിതികളില്ലാതെ, നഷ്ടപ്പെട്ട ബിസിനസ്സ് അവസരങ്ങൾ, നഷ്ടപ്പെട്ട വരുമാനം, നഷ്ടപ്പെട്ട പ്രതീക്ഷിച്ച ലാഭം, അല്ലെങ്കിൽ മറ്റേതെങ്കിലും തരത്തിലുള്ള സാമ്പത്തിക നഷ്ടം അല്ലെങ്കിൽ നാശനഷ്ടങ്ങൾ എന്നിവ ഉൾപ്പെടെ) MAFIL അല്ലെങ്കിൽ അതിന്റെ കരാറുകാർ, ഏജന്റുമാർ, ലൈസൻസർമാർ, പങ്കാളികൾ, വിതരണക്കാർ എന്നിവർ നിങ്ങളോട് ബാധ്യസ്ഥരായിരിക്കില്ല, അത്തരം നാശനഷ്ടങ്ങളുടെ സാധ്യതയെ കുറിച്ച് MAFIL-നോ MAFIL അംഗീകൃത പ്രതിനിധിക്കോ മുന്നറിയിപ്പ് നൽകിയിട്ടുണ്ടെങ്കിൽ പോലും.

b. ഇതിനു വിപരീതമായ യാതൊന്നും ഗണ്യമാക്കാതെ, (I) ഈ കരാറിൽ നിന്നോ (II) സേവനങ്ങളിൽ നിന്നോ (III) സേവനങ്ങളോ സൈറ്റോ (ഏത് അല്ലെങ്കിൽ എല്ലാ മെറ്റീരിയലുകളും ഉൾപ്പെടെ) ഏതെങ്കിലും റഫറൻസ് സൈറ്റുകളോ ഉപയോഗിക്കുന്നതിൽ നിന്നോ ഉപയോഗിക്കാൻ കഴിയാത്തതിൽ നിന്നോ (IV) MAFIL-മായുള്ള മറ്റ് ഏതെങ്കിലും ഇടപെടലുകളിൽ നിന്നോ ഉളവാകുന്നതോ അവയോടു ബന്ധപ്പെട്ടോ നിങ്ങൾക്ക് ഉണ്ടായേക്കാവുന്ന ഏതെങ്കിലും നാശനഷ്ടങ്ങൾ, ബാധ്യതകൾ, നഷ്ടങ്ങൾ എന്നിവ, അവ എങ്ങനെയ ഉണ്ടായതായാലും അവ അശ്രദ്ധയോ വാറന്റിയോ മറ്റ് കാരണങ്ങളോ നിമിത്തം കരാറിൽ നിന്ന് ഉണ്ടാകുന്നതായാലും, നപടിയ്ക്ക് കാരണമായ സേവനങ്ങളുടെയോ സൈറ്റിന്റെയോ ഭാഗം ഉപയോഗിച്ചതിന് നിങ്ങൾ നൽകിയ തുകയെക്കാൾ, അങ്ങനെ എന്തെങ്കിലും നൽകിയിട്ടുണ്ടെങ്കിൽ, അല്ലെങ്കിൽ അയ്യായിരം (5000) രൂപയെക്കാൾ, ഇതിലേതാണോ

കുറവ് അതിനെക്കാൾ കൂടുതലാണെങ്കിൽ, അതിന് MAFIL-ലോ അതിന്റെ കരാറുകാരോ ഡയറക്ടർമാരോ ജീവനക്കാരോ ഏജന്റുമാരോ നിങ്ങളോട് ബാധ്യസ്ഥരായിരിക്കില്ല.

MAFIL അതിന്റെ ഉൽപ്പന്നങ്ങളും സേവനങ്ങളും വാഗ്ദാനം ചെയ്യുകയും വില നിശ്ചയിക്കുകയും ഈ കരാറിൽ ഏർപ്പെടുകയും ചെയ്തിരിക്കുന്നത് വാറന്റി നിരാകരണങ്ങളെയും ഇവിടെ പ്രതിപാദിച്ചിരിക്കുന്ന ബാധ്യതാ പരിമിതികളെയും ആശ്രയിച്ചാണെന്നും ഇവിടെ പ്രതിപാദിച്ചിരിക്കുന്ന വാറന്റി നിരാകരണങ്ങളും ബാധ്യതാ പരിമിതികളും നിങ്ങൾക്കും MAFIL-നും ഇടയിലുള്ള ന്യായമായതും നീതിയുക്തവുമായ റിസ്ക് വിഹിതത്തെ പ്രതിഫലിപ്പിക്കുന്നുവെന്നും വാറന്റി നിരാകരണങ്ങളും ബാധ്യതാ പരിമിതികളും നിങ്ങളും MAFIL-ഉം തമ്മിലുള്ള വിലപേശലിന്റെ ഒരു അവശ്യ അടിസ്ഥാനമാണെന്നും നിങ്ങൾ അംഗീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഈ പരിമിതികളില്ലാതെ സാമ്പത്തികമായി ന്യായമായ ഒരു അടിസ്ഥാനത്തിൽ നിങ്ങൾക്ക് സേവനങ്ങൾ നൽകാൻ MAFIL-ന് കഴിയില്ല. ബാധകമായ നിയമം ബാധ്യതയുടെയോ ആകസ്മികമായോ പരിണതഫലമായോ ഉണ്ടാകുന്ന നാശനഷ്ടങ്ങളുടെയോ പരിമിതിയോ ഒഴിവാക്കലോ പൂർണ്ണമായും അനുവദിച്ചേക്കില്ല, അതുകൊണ്ട് മേൽപ്രസ്താവിച്ച പരിമിതികളോ ഒഴിവാക്കലുകളോ ബാധകമായ നിയമത്തിന് വിധേയമായി നിങ്ങൾക്ക് ബാധകമാകും. അത്തരം സാഹചര്യങ്ങളിൽ, MAFIL-ന്റെ ബാധ്യത ബാധകമായ നിയമം അനുവദിക്കുന്ന പരമാവധി പരിധിയിലേക്ക് പരിമിതപ്പെടും. ഈ കരാർ അവസാനിപ്പിച്ചാലും ഈ ഖണ്ഡിക നിലനിൽക്കും.

20. നഷ്ടോത്തരവാദിത്വം

സേവനങ്ങളോ സൈറ്റോ നിങ്ങൾ ഉപയോഗിക്കുന്നതിൽ നിന്നോ ദുരുപയോഗിക്കുന്നതിൽ നിന്നോ ഈ കരാറിന്റെ നിങ്ങളുടെ ഭാഗത്തെ ഏതെങ്കിലും ലംഘനത്തിൽ നിന്നോ നിങ്ങൾ ഇവിടെ നൽകിയിട്ടുള്ള പ്രാതിനിധ്യങ്ങൾ, വാറന്റികൾ, ഉടമ്പടികൾ എന്നിവയുടെ ഏതെങ്കിലും ലംഘനത്തിൽ നിന്നോ ഉണ്ടാകുന്ന നിയമപരമായ ഫീസുകളും ചെലവുകളും ഉൾപ്പെടെയുള്ള, എന്നാൽ അവയിൽ പരിമിതപ്പെടാത്ത എല്ലാ ക്ലെയിമുകൾ, നഷ്ടങ്ങൾ, നാശനഷ്ടങ്ങൾ, ബാധ്യതകൾ, ചെലവുകൾ എന്നിവയുടെ കാര്യത്തിൽ നിങ്ങൾ MAFIL, അതിന്റെ അനുബന്ധ സ്ഥാപനങ്ങൾ, കരാറുകാർ, ജീവനക്കാർ, ഓഫീസർമാർ, ഡയറക്ടർമാർ, ഏജന്റുമാർ, അതിന്റെ മൂന്നാം കക്ഷി വിതരണക്കാർ, ലൈസൻസർമാർ, പങ്കാളികൾ എന്നിവരുടെ നഷ്ടോത്തരവാദിത്വം ഏറ്റെടുക്കാനും അവരെ ദോഷം ഭവിക്കാതെ സംരക്ഷിക്കാനും സൂക്ഷിക്കാനും സമ്മതിക്കുന്നു. MAFILന്റെ നഷ്ടോത്തരവാദിത്വം നിങ്ങൾ ഏറ്റെടുക്കേണ്ടതുള്ള ഏതൊരു കാര്യവും നിങ്ങളുടെ ചെലവിൽ ഒത്തുതീർപ്പാക്കാനുള്ള അവകാശങ്ങൾ ഉൾപ്പെടെ അതിന്റെ പൂർണ്ണമായ പ്രതിരോധവും നിയന്ത്രണവും ഏറ്റെടുക്കാൻ MAFIL-ന് അവകാശമുണ്ട്, ഈ ക്ലെയിമുകൾ പ്രതിരോധിക്കാനും പരിഹരിക്കാനുമുള്ള MAFIL-ന്റെ ശ്രമങ്ങളോടു സഹകരിക്കാനും നിങ്ങൾ സമ്മതിക്കുന്നു. മുകളിൽ പറഞ്ഞ നഷ്ടോത്തരവാദിത്വം

ഏറ്റെടുക്കലിന് വിധേയമാകുന്ന ഒരു മൂന്നാം കക്ഷി കൊണ്ടുവരുന്ന ഏതൊരു ക്ലെയിമിനെയും നടപടിയെയും അല്ലെങ്കിൽ നടപടിക്രമത്തെയും കുറിച്ച് അറിയുമ്പോൾ അത് നിങ്ങളെ അറിയിക്കാൻ MAFIL ന്യായമായ ശ്രമങ്ങൾ നടത്തുന്നതായിരിക്കും. ഈ കരാർ അവസാനിപ്പിച്ച ശേഷവും ഈ ഖണ്ഡിക നിലനിൽക്കും.

21. ബാധ്യതാ നിരാകരണം; വാറണ്ടികളൊന്നുമില്ല.

ബാധകമായ നിയമം അനുസരിച്ച് അനുവദനീയമായ പരമാവധി പരിധി വരെ, MAFIL ഉം അതിന്റെ മൂന്നാം കക്ഷി പങ്കാളികളും ലൈസൻസർമാരും വിതരണക്കാരും നിയമപരമായതോ വ്യക്തമായതോ സൂചിതമോ ആയ എല്ലാ വാറന്റികളും നിരാകരിക്കുന്നു, അവയിൽ വ്യാപാരക്ഷമത, ഒരു പ്രത്യേക ഉദ്ദേശ്യത്തിനായുള്ള ഫിറ്റ്നസ്, ഉടമസ്ഥാവകാശങ്ങളുടെ ലംഘനമില്ലായ് എന്നിവയുടെ സൂചിത വാറണ്ടികൾ ഉൾപ്പെടുന്നു, എന്നാൽ അവയിൽ മാത്രം പരിമിതപ്പെടുന്നില്ല. MAFIL-ൽ നിന്നോ സേവനങ്ങളിലൂടെയോ സൈറ്റിലൂടെയോ നിങ്ങൾക്ക് ലഭിക്കുന്ന വാമൊഴിയായോ ലിഖിതമായോ ഉള്ള ഒരു ഉപദേശമോ വിവരമോ ഇവിടെ വ്യക്തമായി പറഞ്ഞിട്ടില്ലാത്ത ഒരു വാറന്റിയും സൃഷ്ടിക്കില്ല. ഈ സെക്ഷനിൽ ഉപയോഗിച്ചിരിക്കുന്ന പ്രകാരം, "MAFIL" എന്ന പദത്തിൽ MAFIL-ന്റെ ഓഫീസർമാർ, ഡയറക്ടർമാർ, ജീവനക്കാർ, ഓഹരി ഉടമകൾ, ഏജന്റുമാർ, ലൈസൻസർമാർ, സബ് കോൺട്രാക്ടർമാർ, അനുബന്ധ കമ്പനികൾ എന്നിവ ഉൾപ്പെടുന്നുവെന്ന് നിങ്ങൾ വ്യക്തമായി സമ്മതിക്കുന്നു. മൊബൈൽ റീചാർജുകളുടെ ഒരു പുനർവിൽപ്പനക്കാരനാണ് MAFIL എന്നും നിരക്കുകൾ, ഗുണനിലവാരം, മറ്റ് എല്ലാ സാഹചര്യങ്ങൾ എന്നിവ മൂലമുള്ള മൂന്നാം കക്ഷി ബാധ്യതകൾക്ക് (അതായത് ടെൽകോയുടെയും വിതരണക്കാരുടെയും) MAFIL-ന് ടെൽകോയുടെ സബ്സ്ക്രൈബർമാരോടോ മറ്റോ ഒരു ബാധ്യതയും ഇല്ലെന്നും നിങ്ങൾ സമ്മതിക്കുന്നു. സേവനങ്ങളുടെയും സൈറ്റിന്റെയും ഉപയോഗം നിങ്ങളുടെ സ്വന്തം ഉത്തരവാദിത്തത്തിലാണെന്ന് നിങ്ങൾ വ്യക്തമായി സമ്മതിക്കുന്നു. സൈറ്റിലൂടെയോ ഇന്റർനെറ്റിലൂടെയോ പൊതുവെ നൽകുന്ന എല്ലാ അഭിപ്രായങ്ങളുടെയും ഉപദേശങ്ങളുടെയും സേവനങ്ങളുടെയും വ്യാപാരത്തിന്റെയും മറ്റ് വിവരങ്ങളുടെയും കൃത്യത, പൂർണ്ണത, ഉപയോഗക്ഷമത എന്നിവ വിലയിരുത്തേണ്ടത് നിങ്ങളുടെ ഉത്തരവാദിത്തമാണ്. സേവനം തടസ്സമില്ലാതെയോ പിശകുകളില്ലാതെയോ ലഭിക്കുമെന്നോ സൈറ്റിലെ പോരായ്മകൾ പരിഹരിക്കുമെന്നോ ഞങ്ങൾ ഉറപ്പുനൽകുന്നില്ല. സേവനങ്ങളും സൈറ്റും സേവനങ്ങളോടോ സൈറ്റിനോടോ സംയോജിച്ച് ലഭ്യമാക്കിയിട്ടുള്ള ഏതെങ്കിലും ഡാറ്റ, വിവരങ്ങൾ, മൂന്നാം കക്ഷി സോഫ്റ്റ്‌വെയർ, റഫറൻസ് സൈറ്റുകൾ, സേവനങ്ങൾ, അല്ലെങ്കിൽ സോഫ്റ്റ്‌വെയർ എന്നിവയും "അവ എങ്ങനെയാണോ അങ്ങനെ", "ലഭ്യമായിരിക്കുന്ന പ്രകാരം", "എല്ലാ പിഴവുകളും സഹിതം" എന്നീ അടിസ്ഥാനത്തിലും വ്യക്തമായതോ സൂചിതമോ ആയ ഏതെങ്കിലും തരത്തിലുള്ള വാറന്റികളോ പ്രാതിനിധ്യങ്ങളോ ഇല്ലാതെയുമാണ് ലഭ്യമാക്കിയിരിക്കുന്നത്. MAFIL, അതിന്റെ മൂന്നാം കക്ഷി വിതരണക്കാർ, ലൈസൻസർമാർ, പങ്കാളികൾ എന്നിവർ സേവനങ്ങളിലൂടെയോ സൈറ്റിലൂടെയോ ഏതെങ്കിലും റഫറൻസ്

സൈറ്റുകളിലൂടെയോ നൽകുന്ന ഡാറ്റ, MAFIL സോഫ്റ്റ്‌വെയർ, ഫംഗ്ഷനുകൾ അല്ലെങ്കിൽ മറ്റ് ഏതെങ്കിലും വിവരങ്ങൾ തടസ്സങ്ങളില്ലാത്തതോ പിശകുകളോ വൈറസുകളോ മറ്റ് ദോഷകരമായ ഘടകങ്ങളോ ഇല്ലാത്തതോ ആയിരിക്കുമെന്ന് ഉറപ്പുനൽകുന്നില്ല, കൂടാതെ മേൽപ്പറഞ്ഞ ഏതെങ്കിലും തിരുത്തപ്പെടുമെന്ന് ഉറപ്പുനൽകുന്നുമില്ല. സേവനങ്ങളുടെയോ സൈറ്റിന്റെയോ റഫറൻസ് സൈറ്റുകളുടെയോ ഉപയോഗത്തിന്റെയോ ഉപയോഗത്തിന്റെ ഫലങ്ങളുടെയോ കാര്യത്തിലെ അതിന്റെ പിഴവില്ലായ്മ, കൃത്യത, വിശ്വാസ്യത മുതലായവയുടെ കാര്യത്തിൽ MAFIL ഉം അതിന്റെ മൂന്നാം കക്ഷി വിതരണക്കാരും ലൈസൻസർമാരും പങ്കാളികളും വാറണ്ടി നൽകുകയോ ഏതെങ്കിലും പ്രാതിനിധ്യം നൽകുകയോ ചെയ്യുന്നില്ല. സേവനങ്ങൾ, സൈറ്റ് അല്ലെങ്കിൽ ഏതെങ്കിലും റഫറൻസ് സൈറ്റുകൾ എന്നിവയിലൂടെ വിവരങ്ങൾ, മെറ്റീരിയലുകൾ അല്ലെങ്കിൽ ഡാറ്റ നിങ്ങൾ ഉപയോഗിക്കുകയും ആക്സസ് ചെയ്യുകയും ഡൗൺലോഡ് ചെയ്യുകയും അല്ലെങ്കിൽ മറ്റുവിധത്തിൽ നേടുകയും ചെയ്യുന്നത് നിങ്ങളുടെ സ്വന്തം വിവേചനയിലും റിസ്ക്കിലും ആണെന്നും അത്തരം മെറ്റീരിയലോ ഡാറ്റയോ ഡൗൺലോഡ് ചെയ്യുന്നതിലൂടെയോ ഉപയോഗിക്കുന്നതിലൂടെയോ നിങ്ങളുടെ സ്വത്തിനുണ്ടാകുന്ന (നിങ്ങളുടെ കമ്പ്യൂട്ടർ സിസ്റ്റവും ഉപകരണവും ഉൾപ്പെടെ) ഏതൊരു നാശനഷ്ടത്തിനും അല്ലെങ്കിൽ ഡാറ്റ നഷ്ടത്തിനും നിങ്ങൾ മാത്രമായിരിക്കും ഉത്തരവാദിയെന്നും നിങ്ങൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. ഞങ്ങൾക്ക് വേണ്ടി യാതൊരു വാറന്റിയും നൽകാൻ ഞങ്ങൾ ആരെയും അധികാരപ്പെടുത്തുന്നില്ല, അത്തരം ഒരു പ്രസ്താവനയെയും നിങ്ങൾ ആശ്രയിക്കുകയുമരുത്. ഈ കരാർ അവസാനിപ്പിച്ച ശേഷവും ഈ ഖണ്ഡിക നിലനിൽക്കും. സൈറ്റ് ഉപയോഗിക്കുന്നതിലൂടെയോ ഉപയോഗിക്കാൻ കഴിയാതെ വരുന്നതിലൂടെയോ ഉണ്ടാകുന്ന ഏതെങ്കിലും ആകസ്മികമായതോ അനന്തരഫലമായുള്ളതോ പരോക്ഷമമോ ആയ നാശനഷ്ടങ്ങൾക്ക് (ലാഭനഷ്ടം, ബിസിനസ് തടസ്സം, പ്രോഗ്രാമുകളുടെയോ വിവരങ്ങളുടെയോ നഷ്ടം മുതലായവ ഉൾപ്പെടെ, എന്നാൽ ഇവയിൽ മാത്രം പരിമിതപ്പെടുന്നില്ല) MAFIL ഒരു കാരണവശാലും ഉത്തരവാദിയായിരിക്കില്ല.

22. ഉടമസ്ഥാവകാശം; ഉടമസ്ഥത സംബന്ധിച്ച അവകാശങ്ങൾ

സേവനങ്ങളും സൈറ്റും MAFIL-ന്റെയും കൂടാതെ/അല്ലെങ്കിൽ മൂന്നാം കക്ഷി ലൈസൻസർമാരുടെയും ഉടമസ്ഥതയിലുള്ളതും അവർ പ്രവർത്തിപ്പിക്കുന്നതുമാണ്. ദൃശ്യ ഇന്റർഫേസുകൾ, ഗ്രാഫിക്സ്, ഡിസൈൻ, സമാഹാരം, വിവരങ്ങൾ, കമ്പ്യൂട്ടർ കോഡ് (സോഴ്സ് കോഡും ഒബ്ജക്റ്റ് കോഡും ഉൾപ്പെടെ), ഉൽപ്പന്നങ്ങൾ, സോഫ്റ്റ്‌വെയർ, സേവനങ്ങൾ, MAFIL നൽകുന്ന സേവനങ്ങളുടെയും സൈറ്റിന്റെയും മറ്റ് എല്ലാ ഘടകങ്ങളും ("മെറ്റീരിയലുകൾ") ഇന്ത്യൻ പകർപ്പവകാശം, ട്രേഡ് ഡ്രസ്സ്, പേറ്റന്റ്, വ്യാപാരമുദ്ര നിയമങ്ങൾ, അന്താരാഷ്ട്ര ഉടമ്പടികൾ, പ്രസക്തമായ മറ്റെല്ലാ ബൗദ്ധിക സ്വത്തവകാശവും ഉടമസ്ഥാവകാശവും, ബാധകമായ നിയമങ്ങൾ എന്നിവയാൽ സംരക്ഷിക്കപ്പെട്ടിരിക്കുന്നു. നിങ്ങൾക്കും MAFIL-നും ഇടയിൽ എന്നതു പോലെ, സൈറ്റിൽ അടങ്ങിയിരിക്കുന്ന എല്ലാ മെറ്റീരിയലുകളും വ്യാപാരമുദ്രകളും

സേവന മാർക്കുകളും വ്യാപാര നാമങ്ങളും MAFIL-ന്റെയും കൂടാതെ/അല്ലെങ്കിൽ മൂന്നാം കക്ഷി ലൈസൻസർമാരുടെയും അല്ലെങ്കിൽ വിതരണക്കാരുടെയും സ്വത്താണ്. സേവനങ്ങളുമായി ബന്ധപ്പെട്ട് അല്ലെങ്കിൽ അതിലൂടെ ആക്സസ് ചെയ്തതോ അതിൽ അടങ്ങിയിരിക്കുന്നതോ ആയ MAFIL-ന്റെയോ മൂന്നാം കക്ഷിയുടെയോ പകർപ്പവകാശം, പേറ്റന്റ്, വ്യാപാരമുദ്ര, അല്ലെങ്കിൽ മറ്റ് ഉടമസ്ഥാവകാശ അറിയിപ്പുകൾ നീക്കംചെയ്യുകയോ അവ്യക്തമാക്കുകയോ മാറ്റുകയോ ചെയ്യില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. MAFIL വ്യക്തമായി അധികാരപ്പെടുത്താത്ത പക്ഷം, മെറ്റീരിയലുകൾ വിൽക്കുകയോ, ലൈസൻസ് ചെയ്യുകയോ, വിതരണം ചെയ്യുകയോ, പകർത്തുകയോ, പരിഷ്കരിക്കുകയോ, പരസ്യമായി അവതരിപ്പിക്കുകയോ പ്രദർശിപ്പിക്കുകയോ, പ്രക്ഷേപണം ചെയ്യുകയോ, പ്രസിദ്ധീകരിക്കുകയോ, എഡിറ്റ് ചെയ്യുകയോ, പൊരുത്തപ്പെടുത്തുകയോ, അതിൽ നിന്ന് ഡെറിവേറ്റീവ് വർക്കുകൾ സൃഷ്ടിക്കുകയോ, അല്ലെങ്കിൽ മറ്റുവിധത്തിൽ അനധികൃതമായി ഉപയോഗിക്കുകയോ ചെയ്യില്ലെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഈ കരാറിൽ വ്യക്തമായി അനുവദിച്ചിട്ടില്ലാത്ത എല്ലാ അവകാശങ്ങളും MAFIL-ൽ നിക്ഷിപ്തമാണ്. സേവനങ്ങളെയോ സൈറ്റിനെയോ കുറിച്ച് നിങ്ങൾക്ക് എന്തെങ്കിലും അഭിപ്രായങ്ങളോ അത് എങ്ങനെ മെച്ചപ്പെടുത്താം എന്നതിനെ കുറിച്ച് എന്തെങ്കിലും ആശയങ്ങളോ ഉണ്ടെങ്കിൽ, ദയവായി ഉപഭോക്തൃ സേവനവുമായി ബന്ധപ്പെടുക. അങ്ങനെ ചെയ്യുന്നതിലൂടെ, നിങ്ങൾ എല്ലാ ആശയങ്ങൾക്കും നിർദ്ദേശങ്ങൾക്കും അതുമായി ബന്ധപ്പെട്ട ലോകമെമ്പാടുമുള്ള എല്ലാ ബൗദ്ധിക സ്വത്തവകാശങ്ങൾക്കും അവയിലും ഉള്ള എല്ലാ അവകാശവും ഉടമസ്ഥതയും താൽപ്പര്യവും തിരിച്ചെടുക്കാനാവാത്തവിധം MAFIL-ന് നൽകുകയും നിയോഗിക്കുകയും ചെയ്യുമെന്നുള്ളത് ദയവായി ശ്രദ്ധിക്കുക. മേൽപ്പറഞ്ഞ അവകാശങ്ങൾ പൂർത്തീകരിക്കാൻ ന്യായമായും ആവശ്യമായിരുന്നേക്കാവുന്ന പ്രവൃത്തികൾ ചെയ്യാനും രേഖകൾ നടപ്പിലാക്കാനും നിങ്ങൾ സമ്മതിക്കുന്നു.

23. കൂടുതലായ നിബന്ധനകളും വ്യവസ്ഥകളും

a. MAFIL-ന്റെ ഏതെങ്കിലും സേവനങ്ങൾ വഴി ഒരു വ്യാപാര സ്ഥാപനത്തിൽ നിന്ന് സാധനങ്ങൾ, സോഫ്റ്റ്‌വെയർ അല്ലെങ്കിൽ മറ്റ് സേവനങ്ങൾ നിങ്ങൾ നേടുമ്പോൾ, നിങ്ങൾക്കും ആ വ്യാപാര സ്ഥാപനത്തിനും ഇടയിലുള്ള കരാറിൽ MAFIL ഒരു കക്ഷിയല്ലെന്ന് നിങ്ങൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു. MAFIL തങ്ങളുടെ വെബ്സൈറ്റുമായി ലിങ്ക് ചെയ്തിരിക്കുന്ന ഏതെങ്കിലും പരസ്യദാതാവിനെയോ വ്യാപാരിയെയോ സാക്ഷ്യപ്പെടുത്തുന്നില്ല. കൂടാതെ, നിങ്ങൾ ഉപയോഗിക്കുന്ന വ്യാപാര സ്ഥാപനത്തിന്റെ സേവനം നിരീക്ഷിക്കാൻ MAFIL-ന് യാതൊരു ബാധ്യതയുമില്ല; വാറന്റികളോ ഗ്യാരണ്ടികളോ ഉൾപ്പെടെ (പരിമിതികളില്ലാതെ) കരാറിന് കീഴിലുള്ള എല്ലാ ബാധ്യതകൾക്കും വ്യാപാര സ്ഥാപനം മാത്രമായിരിക്കും ഉത്തരവാദി. ഏതെങ്കിലും വ്യാപാര സ്ഥാപനവുമായുള്ള ഏതൊരു തർക്കമോ പരാതിയോ ഉപഭോക്താവ് ആ വ്യാപാര സ്ഥാപനവുമായി നേരിട്ട് പരിഹരിക്കേണ്ടതാണ്. മാക്കാഷ് വാലറ്റ് ഉപയോഗിച്ച് വാങ്ങിയ സാധനങ്ങളിലോ

സേവനങ്ങളിലോ ഉള്ള ഏതെങ്കിലും പോരായ്മകൾക്ക് MAFIL ഉത്തരവാദിയോ ബാധ്യസ്ഥനോ ആയിരിക്കില്ലെന്ന് ഇതിനാൽ വ്യക്തമാക്കുന്നു. ബാധ്യതയുടെ ഈ ഒഴിവാക്കൽ പ്രൊമോഷണൽ സ്കീമുകൾക്ക് കീഴിൽ MAFIL ലഭ്യമാക്കുന്ന സാധനങ്ങൾക്കും കൂടാതെ/അല്ലെങ്കിൽ സേവനങ്ങൾക്കും പോലും ബാധകമാകും. ഏതെങ്കിലും സാധനത്തിന്റെ കൂടാതെ/അല്ലെങ്കിൽ സേവനത്തിന്റെ ഗുണനിലവാരവും അളവും ഫിറ്റ്നസും പരിശോധിച്ച് നിങ്ങൾ സ്വയം തൃപ്തിപ്പെടണമെന്ന് നിർദ്ദേശിക്കുന്നു.

b. ഏതെങ്കിലും വ്യാപാര സ്ഥാപനത്തിലേക്ക് ഉപഭോക്താവ് തെറ്റായി കൈമാറുന്ന ഏതൊരു തുകയ്ക്കും MAFIL ഒരു സാഹചര്യത്തിലും ഉപഭോക്താവിന് റീഫണ്ട് നൽകുന്നതല്ല.

c. മൂന്നാം കക്ഷി സൈറ്റിലേക്കുള്ള MAFIL സൈറ്റിലെ ഏതൊരു വെബ് ലിങ്കും ആ വെബ്‌ലിങ്കിന്റെ സാക്ഷ്യപ്പെടുത്തലല്ല. അത്തരത്തിലുള്ള മറ്റേതെങ്കിലും വെബ്‌ലിങ്ക് ഉപയോഗിക്കുകയോ ബ്രൗസ് ചെയ്യുകയോ ചെയ്യുന്നതിലൂടെ, നിങ്ങൾ അത്തരം ഓരോ വെബ്‌ലിങ്കിലെയും നിബന്ധനകൾക്കും വ്യവസ്ഥകൾക്കും വിധേയരാകും.

d. എന്തെങ്കിലും തർക്കമുണ്ടായാൽ, MAFIL രേഖകൾ മാക്കാഷ് വാലറ്റ് ഉപയോഗിച്ച് നടത്തിയ ഇടപാടുകളുടെ നിർണായക തെളിവ് എന്ന നിലയിൽ ബാധകമായിരിക്കും.

e. MAFIL എല്ലാ ഉപഭോക്തൃ ആശയവിനിമയങ്ങളും SMS അല്ലെങ്കിൽ ഇമെയിൽ വഴി അയയ്ക്കും, നിങ്ങൾക്ക് നൽകാനായി SMS മൊബൈൽ ഫോൺ ഓപ്പറേറ്റർക്ക് സമർപ്പിച്ചു കഴിയുമ്പോൾ നിങ്ങൾക്ക് അത് ലഭിച്ചതായി കണക്കാക്കും.

f. MAFIL-ൽ നിന്നുള്ള ഇടപാട് സന്ദേശങ്ങൾ ഉൾപ്പെടെയുള്ള എല്ലാ വാണിജ്യ സന്ദേശങ്ങളും സ്വീകരിക്കാൻ നിങ്ങൾ സമ്മതിക്കുന്നു.

24. നിബന്ധനകൾ, പ്ലാറ്റ്ഫോം ഭേദഗതി

a. നിബന്ധനകൾ, സൈറ്റ് അല്ലെങ്കിൽ പ്ലാറ്റ്ഫോം/നെറ്റ്‌വർക്ക് എന്നിവ ഏത് സമയത്തും സ്വന്തം വിവേചന പ്രകാരം ഭേദഗതി ചെയ്യാനോ പരിഷ്കരിക്കാനോ മാറ്റാനോ ചേർക്കാനോ അവസാനിപ്പിക്കാനോ (മൊത്തത്തിൽ "മാറ്റങ്ങൾ") MAFIL-ന് അവകാശമുണ്ട്. സൈറ്റ് അല്ലെങ്കിൽ പ്ലാറ്റ്ഫോം/നെറ്റ്‌വർക്ക് നിങ്ങൾ തുടർന്നും ഉപയോഗിക്കുന്നത് അത്തരം മാറ്റങ്ങൾ നിങ്ങൾ സ്വീകരിക്കുന്നതിന്റെ തെളിവായി കണക്കാക്കും. ഏറ്റവും പുതിയ പതിപ്പ് ഇടയ്ക്കിടെ വായിച്ചുകൊണ്ട് അതിലെ നിബന്ധനകൾ നിങ്ങൾക്ക് പരിചിതമാണെന്ന് ഉറപ്പാക്കുക.

b. മുൻകൂർ അറിയിപ്പ് നൽകിയോ അല്ലാതെയോ, ബന്ധപ്പെട്ട അധികാരികൾ/റെഗുലേറ്റർമാർ നിശ്ചയിച്ചിട്ടുള്ള ആന്തരിക നയങ്ങൾ, ചട്ടങ്ങൾ,

നിയന്ത്രണങ്ങൾ, നിയമങ്ങൾ എന്നിവയിലെ ഏതെങ്കിലും മാറ്റങ്ങൾ നിമിത്തം, MAFIL-ന് മാക്കാഷ് വാലറ്റ് എപ്പോൾ വേണമെങ്കിലും പരിഷ്കരിക്കാനോ അവസാനിപ്പിക്കാനോ കൂടാതെ/അല്ലെങ്കിൽ നിർത്തിവയ്ക്കാനോ കഴിയും.

c. ഈ നിബന്ധനകളിലും വ്യവസ്ഥകളിലും നിങ്ങൾ നിർദ്ദേശിക്കുന്ന ഏതൊരു ഭേദഗതിയും ഭേദഗതി ഫോമിലൂടെ എഴുതി തയ്യാറാക്കുകയും MAFIL അത് അംഗീകരിക്കുകയും ചെയ്യാത്ത പക്ഷം പ്രാബല്യത്തിൽ വരില്ല. ഈ വകുപ്പ് പ്രകാരം വരുത്തുന്ന ഭേദഗതികൾ ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഭാഗമായി കണക്കാക്കപ്പെടും, എന്തെങ്കിലും വൈരുദ്ധ്യമുണ്ടായാൽ, ഭേദഗതി ഫോം നിലനിൽക്കും. ഇതിലെ നിബന്ധനകളും വ്യവസ്ഥകളും RBI കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന അറിയിപ്പുകൾക്ക്/മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായിരിക്കും.

25. നിയമം പാലിക്കൽ

മാക്കാഷ് വാലറ്റ് നിയന്ത്രിക്കപ്പെടുന്നത് പ്രീപെയ്ഡ് പേയ്മെന്റ് ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനും പ്രവർത്തിപ്പിക്കുന്നതിനുമുള്ള RBI (റിസർവ് ബാങ്ക്) നിർദ്ദേശം 2009 (കാലാകാലങ്ങളിൽ ഭേദഗതി ചെയ്യുകയും അനുബന്ധമായി നൽകുകയും ചെയ്തിട്ടുള്ളത്) അനുസരിച്ചാണ്, ഇത് വീണ്ടെടുക്കൽ, തിരിച്ചടവ്, ഉപയോഗം മുതലായവയുമായി ബന്ധപ്പെട്ട് RBI കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്കും നിർദ്ദേശങ്ങൾക്കും വിധേയമാണ്. ബാധകമായ നിയമമോ ചട്ടമോ മാർഗ്ഗനിർദ്ദേശങ്ങളോ നിങ്ങൾ ലംഘിക്കുന്നതിന് MAFIL ഉത്തരവാദിയോ ബാധ്യസ്ഥനോ ആയിരിക്കില്ല. RBI കാലാകാലങ്ങളിൽ സർക്കുലേറ്റ് ചെയ്യുന്ന തീവ്രവാദ വ്യക്തികളുടെയോ സംഘടനകളുടെയോ സംയോജിത പട്ടികയിൽ നിങ്ങളുടെ പേര് ഒരു സമയത്തും പ്രത്യക്ഷപ്പെടുന്നില്ലെന്ന് നിങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുന്നു.

26. രഹസ്യസ്വഭാവം

ആശയവിനിമയത്തിന്റെ സ്വകാര്യത RBI നൽകുന്ന അംഗീകാര സർട്ടിഫിക്കറ്റിന്റെയും RBI വിജ്ഞാപനങ്ങളുടെയും/നിർദ്ദേശങ്ങളുടെയും മറ്റും നിബന്ധനകൾക്ക് വിധേയമാണ്. മാക്കാഷ് വാലറ്റ് സൗകര്യം സാധ്യമാക്കുന്നതിന്, നിങ്ങളെ കുറിച്ചുള്ള ഏതെങ്കിലും വിവരങ്ങളോ വിശദാംശങ്ങളോ സ്റ്റാറ്റ്യൂട്ടറിയായതോ അല്ലാത്തതോ ആയ ഏതെങ്കിലും അതോറിറ്റിക്ക് MAFIL വെളിപ്പെടുത്തേണ്ടി വന്നേക്കാം എന്ന് നിങ്ങൾ പ്രത്യേകം സമ്മതിക്കുന്നു.

27. ആധാർ, PAN അടിസ്ഥാനമാക്കിയുള്ള KYC പ്രാമാണീകരണം.

1. RBI നിയന്ത്രണങ്ങൾ അനുശാസിക്കുന്ന KYC ഉദ്ദേശ്യങ്ങൾക്കായി ഉപയോഗിക്കാൻ യുണീക്ക് ഐഡന്റിഫിക്കേഷൻ അതോറിറ്റി ഓഫ് ഇന്ത്യയിൽ (UIDAI) നിന്ന് നിങ്ങളുടെ ജനസംഖ്യാപരമായ വിശദാംശങ്ങൾ ശേഖരിക്കാൻ നിങ്ങൾ ഇതിനാൽ MAFIL-ന് സമ്മതം നൽകുന്നു. ജനസംഖ്യാപരമായ വിശദാംശങ്ങളിൽ പേര്,

ജനനത്തീയതി, ലിംഗഭേദം, വിലാസം, ഫോട്ടോ എന്നിവ ഉൾപ്പെടുന്നു. ഉപഭോക്താവിന് മാത്രമായി ഉപയോഗിക്കാനും അതേ ഡാറ്റ ഉപയോഗിച്ച് MAFIL PPI വാലറ്റ് സൃഷ്ടിക്കാനും വേണ്ടി, നിങ്ങളുടെ ബന്ധപ്പെടാനുള്ള നമ്പർ, ഇമെയിൽ ID എന്നിവ ഉൾപ്പെടുന്ന UIDAI-യിൽ നിന്നുള്ള നിങ്ങളെ ബന്ധപ്പെടാനുള്ള വിശദാംശങ്ങൾ ശേഖരിക്കാൻ നിങ്ങൾ MAFIL-ന് സമ്മതം നൽകുന്നു.

2. RBI ചട്ടങ്ങൾ അനുശാസിക്കുന്ന KYC ഉദ്ദേശ്യങ്ങൾക്കായി നിങ്ങളുടെ PAN കാർഡ് വിശദാംശങ്ങൾ ശേഖരിക്കാനും പരിശോധിച്ചുറപ്പാക്കാനും നിങ്ങൾ ഇതിനാൽ MAFIL-ന് സമ്മതം നൽകുന്നു.

3. MAFIL PPI വാലറ്റിന് അപേക്ഷിക്കാനുള്ള യോഗ്യത നേടാൻ നിങ്ങൾക്ക് 18 വയസ്സിന് മുകളിൽ പ്രായമുണ്ടായിരിക്കണം, കൂടാതെ ഇന്ത്യൻ വിലാസമുള്ള ഇന്ത്യയിൽ താമസിക്കുന്ന ആളുമായിരിക്കണം.

4. മറ്റ് ഏതെങ്കിലും ധനകാര്യ സ്ഥാപനത്തിൽ അക്കൗണ്ട് തുറക്കാൻ നിങ്ങൾ OTP അടിസ്ഥാനമാക്കിയുള്ള ആധാർ വെരിഫിക്കേഷൻ ഉപയോഗിച്ചിട്ടില്ലെന്ന് നിങ്ങൾ ഇതിനാൽ സ്ഥിരീകരിക്കുന്നു.

5. വാലറ്റ് തുറക്കാൻ നിങ്ങൾ സമ്മതിക്കുന്നു, നിങ്ങളുടെ വാലറ്റിൽ 12 മാസം തുടർച്ചയായി ഇടപാട് നടന്നിട്ടില്ലെങ്കിൽ, നോട്ടീസ് അയച്ച ശേഷം അതിനെ നിഷ്ക്രിയമായി കണക്കാക്കുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. ഇത് സജീവമാക്കാൻ നിങ്ങൾ ബ്രാഞ്ച് സന്ദർശിച്ച് KYC സഹിതമുള്ള അഭ്യർത്ഥന കത്ത് നൽകേണ്ടതുണ്ട്.

6. അക്കൗണ്ട് പൂർണ്ണമായും മരവിപ്പിക്കപ്പെടുന്ന സാഹചര്യത്തിൽ, അത്തരം നിക്ഷേപങ്ങളുടെ മുതലും പലിശയും (എന്തെങ്കിലും ഉണ്ടെങ്കിൽ) നിങ്ങളുടെ പൂർണ്ണമായ KYC പൂർത്തിയാക്കി ശേഷമേ നിങ്ങൾക്ക് ലഭിക്കൂ എന്ന് നിങ്ങൾ സമ്മതിക്കുന്നു.

7. അത്തരമൊരു അക്കൗണ്ട് MAFIL-ൽ നിന്നുള്ള പതിവ് പരിശോധനയ്ക്കും നിരീക്ഷണത്തിനും വിധേയമാകുമെന്ന് നിങ്ങൾ സമ്മതിക്കുന്നു, MAFIL-ന് സ്വന്തം വിവേചനാധികാര പ്രകാരം അക്കൗണ്ട് പൂർണ്ണമായും മരവിപ്പിക്കാനോ / ഡെബിറ്റ് മരവിപ്പിക്കാനോ / അവസാനിപ്പിക്കാനോ ഉള്ള അവകാശം ഉണ്ടായിരിക്കും.

8. ഏതെങ്കിലും കാരണത്താൽ പൂർണ്ണമായ KYC നൽകാൻ നിങ്ങൾ പരാജയപ്പെട്ടാൽ, അക്കൗണ്ട് നിഷ്ക്രിയമായി നിലനിർത്താനുള്ള അവകാശം MAFIL-ൽ നിക്ഷിപ്തമാണെന്നും അത്തരം സാഹചര്യങ്ങളിൽ ബാധകമായ RBI നയം ബാധകമാകുമെന്നും നിങ്ങൾ മനസ്സിലാക്കുകയും സമ്മതിക്കുകയും ചെയ്യുന്നു.

9. നിങ്ങളുടെ ഓൺ-ബോർഡിംഗ് പ്രക്രിയ പൂർത്തിയാകാത്ത പക്ഷം MAFIL നൽകുന്ന സേവനങ്ങൾ നിങ്ങൾക്ക് ആസ്വദിക്കാൻ കഴിയില്ല.

10. ഇലക്ട്രോണിക് ഫോമിൽ നൽകിയിരിക്കുന്ന എല്ലാ/ഏതെങ്കിലും ആശയവിനിമയങ്ങളെയും വിവരങ്ങളെയും വിശദാംശങ്ങളെയും ആശ്രയിക്കാൻ MAFIL-ന് അവകാശമുണ്ടെന്നും അത്തരം എല്ലാ ആശയവിനിമയങ്ങളും വിവരങ്ങളും വിശദാംശങ്ങളും അന്തിമവും നിയമപരമായി നിങ്ങൾക്ക് ബാധകവുമാണെന്നും നിങ്ങൾ ഇതിനാൽ പ്രഖ്യാപിക്കുകയും സ്ഥിരീകരിക്കുകയും ചെയ്യുന്നു.
11. ഏതു നിയമപരമായ, RBI നിയന്ത്രണങ്ങളും അനുസരിച്ച്, നിങ്ങളുടെ മൊബൈൽ നമ്പറും വിശദാംശങ്ങളും ബന്ധപ്പെട്ട റെഗുലേറ്റർമാരുമായും നിയമ നിർവ്വഹണ അധികാരികളുമായും പങ്കിടാൻ നിങ്ങൾ MAFIL-ന് അധികാരം നൽകുന്നു.

28. ഇലക്ട്രോണിക് ആശയവിനിമയങ്ങൾക്കും ഇടപാടുകൾക്കുമുള്ള സമ്മതം

താഴെ കൊടുത്തിരിക്കുന്ന സൈറ്റ് ഉപയോഗിക്കാൻ രജിസ്റ്റർ ചെയ്യുന്നതിലൂടെ, ഇടപാടുകൾ നടത്താനും ഞങ്ങളിൽ നിന്ന് ഇലക്ട്രോണിക്കായി ആശയവിനിമയങ്ങളും അറിയിപ്പുകളും വിവരങ്ങളും സ്വീകരിക്കാനും നിങ്ങൾ സമ്മതിക്കുന്നു, അത് ഇ-മെയിൽ വഴിയോ മറ്റ് ഇലക്ട്രോണിക് മാർഗങ്ങളിലൂടെയോ അയച്ചവ ആയിരുന്നാലും. ഞങ്ങളുടെ രേഖകൾ പ്രകാരമുള്ള ഇമെയിൽ വിലാസത്തിലേക്കോ/മൊബൈൽ നമ്പറിലേക്കോ MAFIL ഇലക്ട്രോണിക് ആശയവിനിമയം അയയ്ക്കുമ്പോൾ അല്ലെങ്കിൽ MAFIL സൈറ്റിൽ ഇലക്ട്രോണിക് ആശയവിനിമയം പോസ്റ്റ് ചെയ്യുമ്പോൾ, നിങ്ങൾക്ക് ആ ഇലക്ട്രോണിക് ആശയവിനിമയങ്ങൾ ലഭിച്ചതായി കണക്കാക്കും. അത്തരം ഇലക്ട്രോണിക് ഇടപാടുകൾക്കും ആശയവിനിമയങ്ങൾക്കുമുള്ള നിബന്ധനകൾ ഇവയാണ്:

a. നിങ്ങൾക്ക് ഇന്റർനെറ്റ്, മൊബൈൽ വെബ്, ആപ്ലിക്കേഷനുകൾ, സാധുവായ ഒരു ഇ-മെയിൽ വിലാസം എന്നിവയിലേക്കുള്ള ആക്സസ് ഉണ്ടായിരിക്കണം.

b. MAFIL-നെ ബന്ധപ്പെടുക വഴി നിങ്ങൾക്ക് എപ്പോൾ വേണമെങ്കിലും നിങ്ങളുടെ സമ്മതം പിൻവലിക്കാം, എന്നാൽ അത്തരം പിൻവലിക്കലോടെ നിങ്ങളുടെ അക്കൗണ്ട് അവസാനിപ്പിക്കാനുള്ള അവകാശം ഞങ്ങളിൽ നിക്ഷിപ്തമാണ്. നിങ്ങളുടെ സമ്മതം പിൻവലിക്കുന്നത്, അതിനു മുമ്പ് ഇലക്ട്രോണിക്കായി ലഭിച്ച ഏതെങ്കിലും അറിയിപ്പിന്റെയോ സ്റ്റേറ്റ്മെന്റിന്റെയോ വെളിപ്പെടുത്തലിന്റെയോ നിയമപരമായ സാധുതയെയോ പ്രാബല്യത്തെയോ ബാധിക്കില്ല.

c. നിങ്ങളുടെ ഇമെയിൽ വിലാസമോ മറ്റ് ബന്ധപ്പെടാനുള്ള വിവരങ്ങളോ മാറിയാൽ, നിങ്ങളുടെ അക്കൗണ്ട് വിവരങ്ങൾ അപ്ഡേറ്റ് ചെയ്തുകൊണ്ട് അല്ലെങ്കിൽ MAFIL-നെ ബന്ധപ്പെട്ടുകൊണ്ട് ഉടനടി ആ വിവരം ഞങ്ങളെ അറിയിക്കാൻ നിങ്ങൾ സമ്മതിക്കുന്നു.

29. നിയമ, തർക്ക പരിഹാരത്തിന്റെ തിരഞ്ഞെടുപ്പ്

ഈ നിബന്ധനകൾ നിയമ തത്വങ്ങളുടെ വൈരുദ്ധ്യം കണക്കിലെടുക്കാതെ, ഇന്ത്യയുടെ നിയമങ്ങൾക്കനുസൃതമായി നിയന്ത്രിക്കപ്പെടുകയും വ്യാഖ്യാനിക്കപ്പെടുകയും ചെയ്യും. ഈ നിബന്ധനകളിൽ, പ്ലാറ്റ്ഫോമിൽ /നെറ്റ്വർക്കിൽ അല്ലെങ്കിൽ സൈറ്റിൽ നിന്ന് ഉണ്ടാകുന്നതോ അതുമായി ബന്ധപ്പെട്ടതോ ആയ ഏതൊരു തർക്കത്തിലും കേരളത്തിലെ തൃശ്ശൂരിലുള്ള കോടതികൾക്ക് മാത്രമേ അധികാരപരിധി ഉണ്ടായിരിക്കൂ എന്ന് കക്ഷികൾ സമ്മതിക്കുന്നു. പ്രസ്തുത കോടതികളുടെ വ്യക്തിഗതമായ അധികാരപരിധിക്ക് നിങ്ങൾ വ്യക്തമായി സമ്മതം നൽകുകയും ഫോറങ്ങളുടെ സൗകര്യക്കുറവിന്റെയോ മറ്റേതെങ്കിലും അടിസ്ഥാനത്തിലോ ഉള്ള അത്തരം വ്യക്തിഗത അധികാരപരിധിയോടുള്ള ഏതൊരു എതിർപ്പും ഒഴിവാക്കുകയും ചെയ്യുന്നു.

30. മധ്യസ്ഥത

ഈ കരാറുമായി ബന്ധപ്പെട്ട് ഉണ്ടാകുന്ന എല്ലാ തർക്കങ്ങളും നിങ്ങളും MAFIL ഉം തമ്മിൽ ചർച്ചകളിലൂടെ പരിഹരിക്കുമെന്ന് നിങ്ങൾ സമ്മതിക്കുന്നു. എന്നാൽ ഒരു സമവായ ഒത്തുതീർപ്പിലെത്താൻ നമുക്ക് കഴിയുന്നില്ലെങ്കിൽ, MAFIL നിയമിക്കുന്ന ഏക മധ്യസ്ഥന് അത് റഫർ ചെയ്യാവുന്നതാണ്, അദ്ദേഹത്തിന്റെ തീരുമാനം അന്തിമവും ഇരു കക്ഷികൾക്കും ബാധകവും ആയിരിക്കും. അങ്ങനെ നിയമിക്കപ്പെട്ട ഏക മധ്യസ്ഥന്റെ അപ്രാപ്തി, രാജി അല്ലെങ്കിൽ മരണം ഉണ്ടായാൽ, മുൻ മധ്യസ്ഥന്റെ സ്ഥാനത്ത് മറ്റൊരു മധ്യസ്ഥനെ നിയമിക്കാൻ കമ്പനിക്ക് അവകാശമുണ്ടായിരിക്കും, കൂടാതെ മുൻഗാമി വിട്ടുപോയ ഘട്ടത്തിൽ നിന്ന് നടപടികൾ പുനരാരംഭിക്കും. ഇതിനുള്ള ചെലവുകൾ രണ്ട് കക്ഷികളും തുല്യമായി വഹിക്കേണ്ടതാണ്. മധ്യസ്ഥതയുടെ സ്ഥലം തൃശ്ശൂരിലോ MAFIL വിജ്ഞാപനം ചെയ്തേക്കാവുന്ന മറ്റേതെങ്കിലും സ്ഥലത്തോ ആയിരിക്കും, മധ്യസ്ഥ നടപടികൾ 1996-ലെ ആർബിട്രേഷൻ ആൻഡ് കൺസിലിയേഷൻ ആക്റ്റ് അനുസരിച്ചായിരിക്കും, അത് ഇംഗ്ലീഷ് ഭാഷയിലായിരിക്കും. മധ്യസ്ഥന്റെ തീരുമാനം ലിഖിതമായിരിക്കണം. മധ്യസ്ഥ നടപടിക്രമങ്ങളുടെ ചെലവുകളും മധ്യസ്ഥൻ തീരുമാനിക്കും. പ്രാബല്യത്തിലുള്ള ബാധകമായ നിയമങ്ങൾക്ക് വിധേയമായി, ഈ തീരുമാനം അന്തിമവും കക്ഷികൾക്ക് ബാധകവും ഏതൊരു യോഗ്യതയുള്ള കോടതിയിലും നടപ്പിലാക്കാൻ കഴിയുന്നതും ആയിരിക്കും.

31. പൊതുവായത്

കക്ഷികൾ സ്വതന്ത്ര കരാറുകാരാണ്, ഈ നിബന്ധനകളിലെ ഒന്നും ഒരു ഏജൻസി അല്ലെങ്കിൽ തൊഴിൽ ബന്ധം, ഒരു ഫ്രാഞ്ചൈസർ ഫ്രാഞ്ചൈസി ബന്ധം, സംയുക്ത സംരംഭം അല്ലെങ്കിൽ പങ്കാളിത്തം സൃഷ്ടിക്കുന്നതായി കണക്കാക്കില്ല. ഈ നിബന്ധനകൾ അതിന്റെ വിഷയവുമായി ബന്ധപ്പെട്ട് നിങ്ങളും ഞങ്ങളും തമ്മിലുള്ള മുഴുവൻ കരാറും സ്ഥാപിക്കുകയും പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് കക്ഷികൾ തമ്മിലുള്ള രേഖാമൂലമോ വാമൊഴിയായോ ഉള്ള എല്ലാ മുൻകാല, സമകാലിക കരാറുകളെയും

ഉടമ്പടികളെയും മാറ്റി തൽസ്ഥാനത്ത് വരുകയും ചെയ്യുന്നു. മാക്കാഷ്-ന്റെ രേഖാമൂലമുള്ള പ്രകടമായ സമ്മതമില്ലാതെ, നിങ്ങൾക്ക് ഈ നിബന്ധനകൾ മറ്റൊരാൾക്ക് നിയമിക്കാനോ ഈ നിബന്ധനകൾക്ക് കീഴിലുള്ള നിങ്ങളുടെ ബാധ്യതകൾ ഏൽപ്പിച്ചുകൊടുക്കാനോ കഴിയില്ല. ഈ നിബന്ധനകളുമായി ബന്ധപ്പെട്ട ഏതൊരു നടപടിയിലും വിജയിക്കുന്ന കക്ഷിക്ക്, അതുമായി ബന്ധപ്പെട്ട് ഉണ്ടായ ന്യായമായ നിയമപരമായ ഫീസുകളും ചെലവുകളും പണമടയ്ക്കലും പരാജയപ്പെടുന്ന കക്ഷിയിൽ നിന്ന് തിരിച്ചുപിടിക്കാൻ അർഹതയുണ്ടായിരിക്കും.

32. പരാതിപരിഹാര ഓഫീസർ

സേവനങ്ങളിൽ തൃപ്തിയില്ലെങ്കിൽ, ഏജന്റുമാരുമായും ജീവനക്കാരുമായും ഇടപെടുമ്പോൾ മനോഭാവപരമായ പോരായ്മകൾ കണ്ടെത്തിയാൽ, സിസ്റ്റം പിശകുകൾ കണ്ടെത്തിയാൽ, വാഗ്ദാനം ചെയ്ത സേവന നിലവാരവും MAFIL നൽകുന്ന യഥാർത്ഥ സേവനവും തമ്മിൽ അന്തരങ്ങൾ ഉള്ളതായി കണ്ടെത്തിയാൽ, ഉപഭോക്താവിന് പരാതി രജിസ്റ്റർ ചെയ്യാൻ അവകാശമുണ്ട്. ഈ സംവിധാനം ഉപഭോക്തൃ പരാതി പരിഹാരത്തിനായി മാത്രം സമർപ്പിച്ചിട്ടുള്ളതാണ്. പരാതിയുടെ അക്നോളജ്മെന്റും പരാതി പരിഹാരവും:

a. പരാതി ലഭിച്ചു കഴിഞ്ഞാലുടൻ MAFIL പരാതി ലഭിച്ചതായി അറിയിക്കുകയും അസാധാരണ കേസുകളിൽ പരമാവധി മൂന്ന് ആഴ്ചയ്ക്കുള്ളിൽ പരാതി പരിഹരിക്കാനുള്ള നടപടി ആരംഭിക്കുകയും ചെയ്യും, എല്ലാ കേസുകളിലും ഒരു യാന്ത്രിക മറുപടി നൽകും.

b. സ്വീകരിച്ച നടപടി, പരാതികൾ പരിഹരിക്കുന്നതിലെ പുരോഗതി, കൂടാതെ/അല്ലെങ്കിൽ പരിഹാരത്തിലെ കാലതാമസത്തിനുള്ള കാരണങ്ങൾ, അങ്ങനെ എന്തെങ്കിലും ഉണ്ടെങ്കിൽ, എന്നിവ ഉപഭോക്താവിനെ അറിയിക്കുകയും ചെയ്യും.

c. ഇ-മെയിൽ വഴി ലഭിക്കുന്ന പരാതികൾക്ക്, സിസ്റ്റം സൃഷ്ടിക്കുന്ന ഉടനടിയുള്ള ഒരു മറുപടിയിലൂടെയോ സാധ്യമാകുന്നിടത്തോളം വ്യക്തിഗത ഇമെയിലുകൾ വഴിയോ പരാതി ലഭിച്ചതായി അറിയിക്കുന്നതാണ്.

d. അത്തരം പരാതികളിൽ സ്വീകരിച്ച തുടർനടപടികൾ ഇ-മെയിൽ വഴിയോ ഫോണിലൂടെയോ ഉപഭോക്താക്കളെ അറിയിക്കുന്നതാണ്.

33. നോട്ടീസ്

ഇമെയിൽ, സാധാരണ തപാൽ അല്ലെങ്കിൽ സൈറ്റിലെ പോസ്റ്റിംഗുകൾ അല്ലെങ്കിൽ മറ്റേതെങ്കിലും ന്യായമായ മാർഗങ്ങൾ വഴി MAFIL നിങ്ങൾക്ക് അറിയിപ്പുകളും ആശയവിനിമയങ്ങളും നൽകിയേക്കാം. ഇവിടെ മറ്റുവിധത്തിൽ പ്രസ്താവിച്ചിട്ടില്ലാത്ത

പക്ഷം, MAFIL-നുള്ള നോട്ടീസ് കൊറിയർ വഴിയോ രജിസ്റ്റർ ചെയ്ത തപാൽ വഴിയോ മണപ്പുറം ഫിനാൻസ് ലിമിറ്റഡ്-യ്ക്ക് അയയ്ക്കണം. W - 4/ 638 (പുതിയത്), മണപ്പുറം ഹൗസ്, വലപ്പാട്, തൃശൂർ, കേരളം – 680 567

34. ഒഴിവാക്കൽ

ഈ കരാറിലെ ഏതെങ്കിലും അവകാശമോ നിബന്ധനയോ പ്രയോഗിക്കാനോ നടപ്പാക്കാനോ MAFIL പരാജയപ്പെടുന്നത് അത്തരം അവകാശത്തിന്റെയോ നിബന്ധനയുടെയോ ഒഴിവാക്കലായി കണക്കാക്കാവുന്നതല്ല. ഈ കരാറിലെ ഏതെങ്കിലും നിബന്ധനയിലെ ഏതൊരു ഒഴിവാക്കലും MAFIL എഴുതി ഒപ്പിട്ടാൽ മാത്രമേ പ്രാബല്യത്തിൽ വരൂ.

35. അസാധുവാക്കൽ:

ഈ കരാറിലെ ഏതെങ്കിലും വ്യവസ്ഥ നിയമവിരുദ്ധമോ സാധുതയില്ലാത്തതോ അസാധുവോ നടപ്പിലാക്കാൻ കഴിയാത്തതോ ആണെന്ന് കരുതപ്പെട്ടാൽ, ആ വ്യവസ്ഥ ഈ കരാറിൽ നിന്ന് ആവശ്യമായ ഏറ്റവും കുറഞ്ഞ പരിധി വരെ പരിമിതപ്പെടുത്തുകയോ ഒഴിവാക്കുകയോ ചെയ്യും, ശേഷിക്കുന്ന വ്യവസ്ഥകൾ സാധുതയുള്ളതും നടപ്പിലാക്കാൻ കഴിയുന്നതുമായി തുടരും.

36. നിയമനം

ഈ കരാറും ഇവിടെ നൽകിയിരിക്കുന്ന ഏതൊരു അവകാശങ്ങളും, രേഖാമൂലമുള്ള ഞങ്ങളുടെ മുൻകൂർ സമ്മതമില്ലാതെ നിങ്ങൾ കൈമാറ്റം ചെയ്യുകയോ നിയമിച്ചു കൊടുക്കുകയോ ചെയ്യാൻ പാടില്ല, അത് ഞങ്ങളുടെ വിവേചനാധികാര പ്രകാരം തടഞ്ഞു വെച്ചേക്കാം, എന്നാൽ ഏതെങ്കിലും ബിസിനസ്സ് പുനഃസംഘടനയുടെ ഭാഗമായി നിയന്ത്രണങ്ങളില്ലാതെ ഞങ്ങളുടെ അനുബന്ധ സ്ഥാപനങ്ങൾക്ക് നിയമിച്ചു നൽകിയേക്കാവുന്നതുമാണ്. ഈ വ്യവസ്ഥ ലംഘിച്ചുകൊണ്ട് നടത്താൻ ശ്രമിക്കുന്ന ഏതൊരു നിയമനവും അസാധുവായിരിക്കും, അതിന് യാതൊരു ഫലവും ഉണ്ടായിരിക്കില്ല.

37. അതിജീവനം

ഈ കരാർ അവസാനിച്ചു കഴിഞ്ഞാൽ, അതിന്റെ സ്വഭാവമോ വ്യക്തമായ നിബന്ധനകളോ അനുസരിച്ച് നിലനിൽക്കേണ്ട ഏതൊരു വ്യവസ്ഥയും അത്തരം അവസാനിപ്പിക്കലിനെയോ കാലഹരണപ്പെടലിനെയോ അതിജീവിക്കും, അത്തരം അവസാനിപ്പിക്കലിനോ കാലഹരണപ്പെടലിനോ മുമ്പുള്ള കൈമാറ്റങ്ങൾക്കും ബന്ധങ്ങൾക്കും ബാധകമായത് പോലെ.

38. തലക്കെട്ടുകൾ

ഇവിടെ നൽകിയിരിക്കുന്ന തലക്കെട്ട് പരാമർശങ്ങൾ സൗകര്യാർത്ഥം നൽകിയിട്ടുള്ളത് മാത്രമാണ്, അവ ഈ നിബന്ധനകളുടെയും വ്യവസ്ഥകളുടെയും ഭാഗമായിത്തീരുന്നില്ല, ഇതിലെ ഏതെങ്കിലും വ്യവസ്ഥകളെ പരിമിതപ്പെടുത്തുകയോ ബാധിക്കുകയോ ചെയ്യുന്നതായി കണക്കാക്കില്ല.

39. എസ്ക്രോ അക്കൗണ്ട്:

ഏതെങ്കിലും ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കിലെ എസ്ക്രോ അക്കൗണ്ടിൽ MAFIL കുടിശ്ശിക തുക നിലനിർത്തേണ്ടതാണ്. എസ്ക്രോ അക്കൗണ്ട് നിലനിർത്താനായി MAFIL ICICI ബാങ്കിനെ തിരഞ്ഞെടുത്തിട്ടുണ്ട്. MAFIL-നും ICICI ബാങ്കിനും ഇടയിലുള്ള എസ്ക്രോ അക്കൗണ്ട് പരിപാലിക്കുന്ന കരാറിൽ, എസ്ക്രോ അക്കൗണ്ടിലെ പണം പ്രസ്താവിച്ചിരിക്കുന്ന ഉദ്ദേശ്യങ്ങൾക്ക് മാത്രം ഉപയോഗിക്കാൻ ബാങ്കിനെ അനുവദിക്കുന്ന ഒരു വ്യവസ്ഥ ഉൾപ്പെടുന്നു.

40. അതിർത്തി കടന്നുള്ള ഇടപാടുകൾ:

നിലവിൽ MAFIL അതിർത്തി കടന്നുള്ള ഇടപാടുകൾ അനുവദിക്കുന്നില്ല.

41. ഉപഭോക്തൃ പരാതികൾ:

നിങ്ങൾക്ക് crm@manappuram.com -ൽ ഞങ്ങൾക്ക് ഇമെയിൽ അയയ്ക്കാം, അല്ലെങ്കിൽ പരാതികൾ ഉന്നയിക്കാൻ 1800-420-22-33 [ടോൾ ഫ്രീ - 24 മണിക്കൂർ] എന്ന നമ്പറിൽ വിളിക്കുക.

42. നോഡൽ ഓഫീസർ

ശ്രീ. റിനീഷ് ബി. മണപ്പുറം ഫിനാൻസ് ലിമിറ്റഡ്
(അസിസ്റ്റന്റ് ജനറൽ മാനേജർ),
മണപ്പുറം ഹൗസ് വലപ്പാട്, തൃശൂർ, കേരളം-സംസ്ഥാനം: 680567
മൊബൈൽ: 0487-3050107.9567688848
ഇമെയിൽ: businessheadppi@manappuram.com